ESTD-1968

# ദീപനാളം

കലാസാംസ്കാരിക ദേശീയവാരിക

2025 ജൂലൈ 24 | ദീപം 58 | നാളം 20 | Published from : PALA | പേജ് 20 | വില 8 രൂപ | www.deepanalam.org

## സഭയും രാഷ്ട്രവും ആദരിച്ച

# സഹനപുത്രി



മോൺ. ഡോ. ജോസഫ് തടത്തിൽ

പ്രോട്ടോ സിഞ്ചെല്ലൂസ്, പാലാ രൂപത



ജൂലൈ 28 വിശുദ്ധ അൽഫോൻസാമ്മയുടെ തിരുനാൾ

അന്നക്കുട്ടിക്ക് അഥവാ വിശുദ്ധ അൽഫോൻസാമ്മയ്ക്ക് ഈ ലോകജീവിതകാലത്തു ലഭിച്ച സന്തതസഹചാരിയുടെ പേര് സഹനം എന്നാണ്. അന്നക്കുട്ടിയെ ഗർഭം ധരിച്ചിരിക്കെ അവളുടെ മാതാവായ മറിയത്തിന്റെ ശരീരത്തിലൂടെ ചേരപ്പാമ്പ് കയറിയതുമൂലം ആ അമ്മ ഭയാക്രാന്തയായി ഞെട്ടിവിറച്ചു നിലവിളിക്കുകയും ബോധരഹിതയായി വീഴുകയും ചെയ്തു. അതിന്റെ മൂന്നാംദിവസം, സമയമാകും മുമ്പേ അന്നക്കുട്ടി ജനിച്ചു. അവളുടെ പ്രിയപ്പെട്ട അമ്മ അവൾ ജനിച്ച് മൂന്നുമാസങ്ങൾക്കുശേഷം ഈ ലോകത്തോടു വിടവാങ്ങി. രോഗവും വ്യഥകളും കളിക്കൂട്ടുകാരായുണ്ടായിരുന്ന ശൈശവവും, ദൈവത്തിന്റെ സ്വന്തമാകുവാനുള്ള അദമ്യമായ ആഗ്രഹത്താൽ നയിക്കപ്പെട്ട കൗമാരവും യൗവനവുമാണ് അവൾക്കുണ്ടായിരുന്നത്. പ്രായത്തിനതീതമായ സമ്മർദങ്ങളെയും പ്രതിസന്ധികളെയും അതിജീവിച്ചാണ് അവൾക്ക് ഈശോയുടെ പ്രിയ മണവാട്ടിയാകാൻ സാഹചര്യമൊരുങ്ങിയത്. 'ദൈവം നൽകുന്ന സന്തോഷമനുഭവിക്കാനും ആ സന്തോഷം മറ്റുള്ളവർക്കു കാണിച്ചുകൊടുക്കുവാനും, അവൾ അതിയായി ആഗ്രഹിച്ചു. സന്ന്യാസഭവനത്തിലെത്തിയശേഷവും വിവാഹജീവിതത്തിലേക്ക് ആനയിക്കപ്പെടാൻ ബാഹ്യസമ്മർദങ്ങളേറെയുണ്ടായത് അവളിൽ സഹനത്തിന്റെ തീവ്രത വർധിപ്പിച്ചു.

സിസ്റ്റർ അൽഫോൻസായെ അറിയാവുന്നവരിൽ വിരലിലെണ്ണാവുന്നവരൊഴികെ മറ്റാർക്കും അവളിലെ ദൈവികതയെ തിരിച്ചറിയാനായില്ല. ഈ ലോകത്തിന്റെ കണ്ണുകളിലൂടെ നോക്കുന്നവർക്ക് യാഥാർഥ്യം എപ്പോഴും തിരിച്ചറിയാനാവില്ല എന്ന സത്യത്തിന് അടിവരയിടുന്നതാണ് അൽഫോൻസാമ്മയുടെ ജീവിതം. അൽഫോൻസാമ്മയുടെ കാര്യത്തിൽ ഇന്ന് ഈ തിരിച്ചറിവ് നേടിയെടുത്തവരാണ് നാനാജാതിമതസ്ഥരായ ലക്ഷക്കണക്കിനാളുകൾ. അൽഫോൻസാമ്മയുടെ ഈ ലോകജീവിതകാലത്ത് ചുറ്റുമുള്ളവർക്ക് ഈ തിരിച്ചറിവുണ്ടായിരുന്നെങ്കിൽ ആ യുവകന്യകയുടെ മൃതസംസ്കാരത്തിൽ പങ്കെടുക്കുന്നവരുടെ എണ്ണം ഏതാനും ഡസനുകളിൽ ഒതുങ്ങുമായിരുന്നില്ല.

▶11

# ഗതകാലത്തിന്റെ ചരിത്രസുഗന്ധവുമായി പാലാ



ഡോ. സിറിയക് തോമസ്

വെറും രണ്ടക്ഷരം മാത്രമുള്ള പേരാണ് പാലായെങ്കിലും രണ്ടായിരം വർഷങ്ങൾക്കുമുമ്പും 'പാലാ കുരുമുളക്' പലസ്തീനായിലെയും റോമിലെയും വാണിജ്യകേന്ദ്രങ്ങളിൽ ഏറ്റവും വിലപ്പെട്ട ഒരു വിഭവമായിരുന്നുവെന്നാണു വിശ്വസിക്കപ്പെടുന്നത്. സീസറുടെ അരമനയിലും ക്ലിയോപാട്രയുടെ കൊട്ടാരത്തിൽപ്പോലും പാലാ കുരുമുളകിനു ഭക്ഷണമേശകളിൽ സ്ഥാനമുണ്ടായിരുന്നുവെന്നതും പാലായെക്കുറിച്ചുള്ള പഴയ ഐതിഹ്യങ്ങളിലൊന്നാണ്. യേശുക്രിസ്തുവിന്റെ ജനനത്തിനുമുമ്പുതന്നെ കേരളവും അറബിരാജ്യങ്ങളുമായി കടൽമാർഗവാണിജ്യബന്ധമുണ്ടായിരുന്നുവെന്നതും അംഗീകരിക്കപ്പെട്ട ചരിത്രവസ്തുതയാണല്ലോ. യേശുശിഷ്യനായ മാർത്തോമ്മാ അപ്പസ്തോലപ്രവർത്തനത്തിനായി എ.ഡി. 52 ൽ കൊടുങ്ങല്ലൂരിൽ കപ്പലിറങ്ങി എന്ന പൊതുവിശ്വാസത്തിന്റെ അടിസ്ഥാനം തന്നെ യേശുക്രിസ്തുവിന്റെ കാലത്തിനു മുമ്പേതന്നെ നിലനിന്നിരുന്ന മധ്യപൂർവേഷ്യൻ രാജ്യങ്ങളും കേരളവും തമ്മിലുണ്ടായിരുന്ന കടൽമാർഗവാണിജ്യബന്ധങ്ങളായിരുന്നല്ലോ. ക്രിസ്തുവിനുമുമ്പേ കൊടുങ്ങല്ലൂരിലും പാലയൂരിലും പറവൂരിലും മറ്റും നിലനിന്നിരുന്ന ജൂതസാന്നിധ്യവും മാർത്തോമ്മാശ്ലീഹായുടെ കേരളപ്രവേശനസാധ്യതകളെ ചരിത്രപരമായി സാധൂകരിക്കുന്ന വസ്തുതയാണ്. ഇതിനൊക്കെ രേഖകളുണ്ടോ എന്നു ചോദിക്കുന്നവരുണ്ട്. ഒരു രാജ്യത്തിന്റെ ചരിത്രവും തുടങ്ങുന്നത് രേഖകളില്ലല്ലോ. രേഖകൾ ഉണ്ടാവുകപിൽക്കാലത്താണ്. ആദ്യമുണ്ടാവുന്നത് വായ്മൊഴികളാണ്. പിന്നീടാണ് വരമൊഴി വരുന്നത്.

ജൂലൈ 26
പാലാ രൂപത പ്ലാറ്റിനം ജൂബിലി
സമാപനം
പാലാ കത്തീഡ്രലിൽ

ഏതു ചരിത്രത്തിന്റെയും തുടക്കം പശ്ചാത്തലസാധ്യതകളിലും സാഹചര്യത്തെളിവുകളിലുമാണ്. പിന്നീടാണ് കാലാനുസൃതമായി കൽഭരണികളും ചെമ്പുതകിടുകളും കല്ലിൽ കൊത്തിയ വിളംബരങ്ങളുമൊക്കെ തെളിവുകളായി വരുന്നത്. കേരളത്തിന്റെയും ഇന്ത്യയുടെയും ചരിത്രസൃഷ്ടിയിലും രേഖകളില്ലാത്ത സാഹചര്യത്തെളിവുകൾ ഒട്ടേറെയുണ്ടെന്നത് അനിഷേധ്യമായ ഒരു ചരിത്രയാഥാർഥ്യംതന്നെയാണെന്നതിലും തർക്കമില്ലല്ലോ.

പറഞ്ഞുതുടങ്ങിയത് പാലായെപ്പറ്റിയാണ്. പറയേണ്ടതും പാലായെപ്പറ്റിത്തന്നെയാണല്ലോ. ഇടയ്ക്കു ചരിത്രത്തിന്റെ ചില പൊതുവഴികളെക്കുറിച്ചു പരാമർശിച്ചുപോയി എന്നു മാത്രം.

പാലാപ്പട്ടണത്തിന്റെ തുടക്കകാലത്തെ സംബന്ധിച്ചു കൃത്യമായ കണക്കുകളൊന്നും ലഭ്യമല്ല. പക്ഷേ, പാലായുടെ കൃഷിവിഭവങ്ങൾക്കും നാണ്യവിളകൾക്കും പണ്ടേതന്നെ പേരും പ്രശസ്തിയുമുണ്ടായിയെന്നത് വസ്തുതയുമാണ്. എന്തായാലും പെരുമാക്കന്മാരുടെ കാലംമുതൽക്കേ മീനച്ചിൽപ്രദേശം തെക്കുംകൂർ-വടക്കുംകൂർ രാജാക്കന്മാരുടെയും അവരുടെ ഇടപ്രഭുക്കന്മാരായിരുന്ന കർത്താക്കന്മാരുടെയും കൈമൾമാരുടെയുമൊക്കെ അധീനപ്രദേശങ്ങളായിരുന്നുവെന്നത് പൊതുവിശ്വാസമാണ്. കൊടുങ്ങല്ലൂരിൽനിന്ന് ചരിത്രപരമായ കാരണങ്ങളാൽ പാലയൂരേക്കും പറവൂരേക്കും പലായനം ചെയ്യേണ്ടിവന്ന മാർത്തോമ്മാനസ്രാണികൾക്കു സാഹചര്യങ്ങളുടെ സമ്മർദത്തിൽ വീണ്ടും പടിഞ്ഞാറുനിന്ന് തെക്കോട്ടും കിഴക്കോട്ടും മാറേണ്ടിവന്നുവെന്നതും അംഗീകരിക്കപ്പെട്ട ചരിത്രവസ്തുതയാണ്.

▶09

# വിശുദ്ധയായ അൽഫോൻസാമ്മ സമർപ്പിതജീവിതത്തിന്റെ സാകല്യം



ചാക്കോ സി. പൊരിയത്ത്

ഒരു പ്രത്യേകസാഹചര്യത്തിൽ അധികാരവും അതിന്റെ കെട്ടുപാടുകളും ഉപേക്ഷിച്ച ഒരു രാജാവിനെക്കുറിച്ച് ഒരു കഥയുണ്ട്. രാജ്യമുപേക്ഷിച്ച് ഭിക്ഷാംദേഹിയായി സഞ്ചരിക്കവേ അദ്ദേഹം മറ്റൊരു രാജ്യത്ത് എത്തിച്ചേരുന്നു. അവിടത്തെ ഭരണാധിപനായ രാജാവ് എങ്ങനെയോ ഇദ്ദേഹത്തെ തിരിച്ചറിയുന്നു. അവിടെനിന്നു യാത്ര തിരിക്കവേ, ഭംഗിയുള്ള ഒരു ഭിക്ഷാപാത്രമാണ് സന്ന്യാസിക്ക് അദ്ദേഹം സമ്മാനിച്ചത്. അലഞ്ഞുതിരിഞ്ഞ് ഒരു ക്ഷേത്രത്തിൽ സന്ന്യാസി എത്തിച്ചേരുന്നു. ഭിക്ഷാപാത്രം ലഭിച്ചതിൽപ്പിന്നെ അദ്ദേഹത്തിന് ഉറക്കം കുറവായിരുന്നു. ഉറങ്ങിപ്പോയാൽ, തന്റെ മനോഹരമായ ഭിക്ഷാപാത്രം ആരെങ്കിലും തട്ടിയെടുക്കുമോ എന്ന ഭയം! ക്ഷേത്രസന്നിധിയിലായിരിക്കെ, അവിടെയുണ്ടായിരുന്ന ഒരു ഭിക്ഷുവിനെ അദ്ദേഹം പരിചയപ്പെടുന്നു. രാത്രിയായാൽ ഗാഢനിദ്രയിലാകാൻ ഒട്ടും വൈകിക്കാത്ത ഭിക്ഷുവിനോട്, ഈ ഉറക്കത്തിന്റെ രഹസ്യമെന്തെന്ന് അദ്ദേഹം ആരായുന്നു. മൗനവ്രതത്തിലായിരുന്ന ഭിക്ഷു, സന്ന്യാസിയുടെ ഭിക്ഷാപാത്രത്തിന്റെ നേർക്കു വിരൽചൂണ്ടി. സ്വന്തമായി ഒരു ഭിക്ഷാപാത്രംപോലുമില്ലാത്തയാളാണയാൾ! സന്ന്യാസിക്കു കാര്യം മനസ്സിലായി. രാജാവു നൽകിയ ആ ഭിക്ഷാപാത്രം അദ്ദേഹം ഉപേക്ഷിച്ചു. സ്വന്തമായി ഒന്നുമില്ലാത്തയാളായതിൽപ്പിന്നെ സന്ന്യാസിക്കു ഗാഢനിദ്രയ്ക്കു തടസ്സമൊന്നുമുണ്ടായില്ല!



വിശുദ്ധയായ അൽഫോൻസാമ്മ, തീരെച്ചെറുപ്രായംമുതൽ, പ്രിയങ്കരമായവയെ ഉപേക്ഷിച്ചു ശീലിച്ചവൾ ആയിരുന്നു. പെറ്റമ്മയുടെ സ്നേഹവാത്സല്യങ്ങളാണ് ജനിച്ച് ഏറെയാകുംമുമ്പ് അവൾക്കു നഷ്ടമായത്; അത് അവൾ അറിഞ്ഞുകൊണ്ട് ഉപേക്ഷിച്ചതായിരുന്നില്ലെങ്കിലും. ആവശ്യങ്ങളെയും ആഗ്രഹങ്ങളെയും പരിമിതപ്പെടുത്തുമ്പോൾ ലഭിക്കുന്ന, ഇല്ലാതാക്കലിന്റെയും ഇല്ലാതാകലിന്റെയും 'സുഖം' അൽഫോൻസാമ്മ മനസ്സിലാക്കിയിരുന്നു. കന്യാസ്ത്രീയായതിൽപ്പിന്നെ അവളുടെ ജീവിതത്തിലുടനീളം, സ്വന്തം ഇഷ്ടം സസന്തോഷം ഉപേക്ഷിച്ചതിനു തെളിവുകൾ നിരവധിയാണ്. തനിക്കുലഭിച്ച ഒരു സമ്മാനം വളരെ ഭദ്രമായി സൂക്ഷിച്ചുവച്ചിരുന്നത് ഒരു സഹസന്ന്യാസിനിയുടെ ഇഷ്ടത്തിനായി അവൾ വിട്ടുനൽകിയതൊക്കെ ഇവയിൽ ചിലതാണ്.

►14




വിശുദ്ധ അൽഫോൻസാമ്മയുടെ തിരുനാളിന് പ്രാർത്ഥനാനിർഭരമായ ആശംസകൾ

Provincial Superior & Sisters

FRANCISCAN CLARIST CONGREGATION (F.C.C.)

ALPHONSA JYOTHI PROVINCE
BHARANANGANAM

PROVINCIAL HOUSE, ARUVITHURA

Ph: 04822- 273417, Fax: 04822-275061 Email:bhmaruvithura@yahoo.co.in



വിശുദ്ധ അൽഫോൻസാമ്മയുടെ തിരുനാളിന് പ്രാർത്ഥനാനിർഭരമായ ആശംസകൾ

Provincial Superior & Sisters

FRANCISCAN CLARIST CONGREGATION (F.C.C.)

ALPHONSA PROVINCE
PALA

SAN DAMIANO, PULIYANNOOR, PALA

Ph: 04822- 206019, 206552 Email:fccpalaprovince@yahoo.co.in, Web: fccpala.org



വിശുദ്ധ അൽഫോൻസാമ്മയുടെ തിരുനാളിന് പ്രാർത്ഥനാനിർഭരമായ ആശംസകൾ

SUPERIOR GENERAL & COMMUNITY

DAUGHTERS OF ST. THOMAS

DST GENERALATE

BHARANANGANAM PHONE: 04822-236387



ഫാ. ജേക്കബ് താഴത്തേൽ
(സ്ഥാപകൻ)
(1912 – 2009)

# സഹനത്തിന്റെ പ്രണയിനി



സി. ലിസറ്റ് വെള്ളാത്തോട്ടം എസ്. എച്ച്.

കുരിശുകളെ സന്തോഷപൂർവം സമാശ്ലേഷിച്ച് വിശുദ്ധിയുടെ തങ്കക്കിരീടം ചൂടിയ വിശുദ്ധ അൽഫോൻസാമ്മ. സഹനങ്ങളെ അവൾ നാഥന്റെ സ്നേഹസമ്മാനങ്ങളായി സ്വീകരിച്ചു. ജീവിതസഹനങ്ങളെ സ്നേഹസങ്കീർത്തനങ്ങളാക്കി പകർത്തിയ അൽഫോൻസാമ്മ ഗോതമ്പുമണിപോലെ അഴിഞ്ഞില്ലാതായി.

"സത്യം സത്യമായി ഞാൻ നിങ്ങളോടു പറയുന്നു, ഗോതമ്പുമണി നിലത്തുവീണ് അഴിയുന്നില്ലെങ്കിൽ അത് അതേപടിയിരിക്കും. അഴിയുന്നെങ്കിലോ അതു വളരെ ഫലം പുറപ്പെടുവിക്കും." (വി. യോഹ. 12:24).

ഈ തിരുവചനത്തെ ജീവിതംകൊണ്ടു വ്യാഖ്യാനിച്ച അൽഫോൻസാമ്മ സഹനങ്ങളെ പ്രണയിച്ച് മണവാളനു യോജിച്ച മണവാട്ടിയായി പ്രശോഭിച്ചു. അൽഫോൻസാമ്മ ഇപ്രകാരം നമ്മോടു പറയുന്നു: "ഗോതമ്പുമണികൾ നല്ലതുപോലെ ഇടിച്ചുപൊടിക്കുമ്പോൾ വെണ്മയേറിയ മാവു കിട്ടുന്നു. അതു ചുട്ടെടുക്കുമ്പോൾ വിശുദ്ധ കുർബാനയ്ക്കുള്ള ഓസ്തിയായിത്തീരും. ഇപ്രകാരം നമ്മളും കഷ്ടപ്പാടുകൾകൊണ്ടു ഞെരുക്കപ്പെട്ട് ഈ ഓസ്തിപോലെയായിത്തീരണം. നല്ല മുന്തിരിപ്പഴങ്ങൾ ചക്കിലിട്ടു ഞെക്കുമ്പോൾ ചാറുകിട്ടുന്നു. അതു സംഭരിച്ചുവച്ച് ശുദ്ധീകരിക്കുമ്പോൾ നല്ല വീര്യമുള്ള വീഞ്ഞായി. അതുപോലെ കഷ്ടതകൾകൊണ്ടും വേദനകൾകൊണ്ടും നാം ശുദ്ധീകരിക്കപ്പെടുമ്പോൾ ആത്മവീര്യമുള്ളവരാകും!'' സഹനജീവിതത്തെക്കുറിച്ചുള്ള അൽഫോൻസാമ്മയുടെ ഈ ദർശനം എല്ലാ സഹനങ്ങളെയും പുഞ്ചിരിയോടെ സ്വാഗതം ചെയ്ത് സ്വർഗത്തിൽ നിക്ഷേപം സമാഹരിക്കുവാൻ പ്രചോദനമേകി.



സഭയാകുന്ന തന്റെ ശരീരത്തെപ്രതി ക്രിസ്തുവിനു സഹിക്കേണ്ടി വന്ന പീഡകളുടെ കുറവ് എന്റെ ശരീരത്തിൽ ഞാൻ നികത്തുന്നു എന്ന പൗലോസ് ശ്ലീഹായുടെ വാക്കുകൾ അൽഫോൻസമ്മയുടെ ജീവിതത്തിലും ഫലമണിഞ്ഞതായി കാണാം. ഒരിക്കൽ ജ്യേഷ്ഠത്തിയമ്മ അവളോടു ചോദിച്ചു: "ഈ രോഗം മാറിക്കിട്ടുവാൻ പ്രാർത്ഥിച്ചുകൂടെ?" അവൾ പറഞ്ഞു: "ഇതല്ല ഇതിൽക്കൂടുതൽ സഹിക്കുവാൻ ഞാൻ സന്നദ്ധയാണ്. ഈ എളിയ വസ്തുവിനെ അവിടുന്ന് ഇഷ്ടാനുസരണം ചവിട്ടുകയോ കുത്തിമുറിപ്പെടുത്തുകയോ എന്തും ചെയ്തുകൊള്ളട്ടെ.'' ശാരീരികപീഡകളും മാനസികദുഃഖങ്ങളും സഹനശക്തിയെ അതിശയിക്കുന്നതായി തോന്നിയപ്പോഴൊക്കെ അൽഫോൻസാമ്മ ഇപ്രകാരം പറഞ്ഞിരുന്നു: " ഞാൻ എന്നെ മുഴുവനും എന്റെ ആത്മനാഥനു ബലിവസ്തുവായി കൈയൊഴിഞ്ഞു കൊടുത്തതല്ലേ. അതുകൊണ്ട് എന്റെ നല്ല ദൈവം നൽകുന്ന ഈ കുരിശ് നല്ല മനസ്സോടെ ഞാൻ സ്വീകരിക്കേണ്ടതല്ലേ?'' (സ്നേഹബലി 46).

ലോകസന്തോഷങ്ങളൊന്നും അൽഫോൻസാമ്മയെ ആകർഷിച്ചില്ല. ലൗകികസുഖഭോഗങ്ങളെയും നേട്ടങ്ങളെയുമെല്ലാം അവൾ നിസ്സംഗതയോടെ വീക്ഷിച്ചു. അതെല്ലാം അവർ ഉച്ഛിഷ്ടമായി കരുതി. "സഹനവും ത്യാഗവുമാകുന്ന കല്ലുകൾകൊണ്ടാണ് സ്വർഗത്തിൽ നമുക്കായി മാളികകൾ പണിയുന്നത്' എന്ന തിരിച്ചറിവ് അൽഫോൻസാമ്മയെ സഹനത്തിന്റെ രാജകുമാരിയാക്കി മാറ്റി. സ്വർഗത്തെക്കുറിച്ചുള്ള ബോധ്യവും ദൈവത്തോടൊത്തു നിത്യം വസിക്കണമെന്ന ആഗ്രഹവും സഹനങ്ങളെ മാധുര്യമുള്ളതാക്കി മാറ്റുവാൻ അൽഫോൻസാമ്മയ്ക്ക് ഉൾക്കരുത്തു പകർന്നു.

►16




വിശുദ്ധ അൽഫോൻസാമ്മയുടെ തിരുനാളിന് പ്രാർത്ഥനാനിർഭരമായ ആശംസകൾ

Director

ALPHONSIAN PASTORAL INSTITUTE

EPARCHY OF PALAI

Arunapuram

Email: alphonsianpst@gmail.com PH: 8590793411

വിശുദ്ധ അൽഫോൻസാമ്മയുടെ തിരുനാളിന് പ്രാർത്ഥനാനിർഭരമായ ആശംസകൾ



MOTHER GENERAL

SNEHAGIRI MISSIONARY SISTERS

S.M.S. GENERALATE

VELLAPPAD - PALA

Ph: 8078549307



ഫാ. അബ്രാഹം കൈപ്പൻപ്ലാക്കൽ (സ്ഥാപകൻ)



വിശുദ്ധ അൽഫോൻസാമ്മയുടെ തിരുനാളിന് പ്രാർത്ഥനാനിർഭരമായ ആശംസകൾ

DIRECTRESS GENERAL & COMMUNITY

MARY IMMACULATE SECULAR INSTITUTE (MISI)

LEGION HOME GENERALATE

VELLAPPAD - PALA Ph: 04822 - 211268



ഫാ. അഗസ്റ്റിൻ ചിലമ്പിക്കുന്നേൽ (സ്ഥാപകൻ) 1901 – 1992

# ദീപനാളം
കലാ സാംസ്കാരിക ദേശീയ വാരിക

ചീഫ് എഡിറ്റർ & മാനേജിങ് ഡയറക്ടർ : ഫാ. സിറിയക് തടത്തിൽ

അസി. മാനേജർ : ഫാ. മാത്യു തെന്നാട്ടിൽ




മൃത്യുദിനത്തിലും പ്രവൃത്തിക്കൊത്ത പ്രതിഫലം നൽകാൻ കർത്താവിനു കഴിയും.

പ്രഭാഷകൻ 11:26

## എഡിറ്റോറിയൽ

# കടലിന്റെ മക്കളോട് കനിവുണ്ടാകണം

**തീ**രദേശമേഖലയുടെ ആശങ്കകൾക്ക് ഒരവസാനമില്ലേ? ഒന്നൊഴിയുമ്പോൾ മറ്റൊന്ന് എന്ന കണക്കിന് കടൽത്തിരപോലെ പുതിയ പുതിയ ആശങ്കകൾ അലയടിച്ചുകൊണ്ടേയിരിക്കുന്നു. രാജ്യത്തെ കോർപറേറ്റുസ്ഥാപനങ്ങളുടെ വൻകപ്പലുകളെ ആഴക്കടലിൽ പ്രവർത്തിപ്പിക്കുന്നതിനനുവദിച്ചുകൊണ്ടുള്ള കേന്ദ്രത്തിന്റെ പുതിയ മത്സ്യബന്ധനനയമാണ് ഇപ്പോൾ തീരദേശവാസികളുടെ ഉറക്കംകെടുത്തിക്കൊണ്ട് പത്തിയുയർത്തിയിരിക്കുന്നത്.

രാജ്യത്തെ മുഴുവൻ മത്സ്യബന്ധനയാനങ്ങളും ചെറുകിടപരമ്പരാഗതമേഖലയിൽനിന്നായതിനാൽ വ്യാവസായികമത്സ്യബന്ധനം സാധ്യമാകുന്നില്ലെന്ന ന്യായം പറഞ്ഞാണ് കേന്ദ്രം ആഴക്കടലിലേക്കു വൻകപ്പലുകളെ ഇറക്കിവിടാനൊരുങ്ങുന്നത്. എന്നാൽ, ഈ നീക്കം ആഴക്കടലിനെയല്ല, ആത്യന്തികമായി തീരമേഖലയിലെ മത്സ്യസമ്പത്തിനെയാണ് ഉന്നം വയ്ക്കുന്നതെന്നാണു ഉയർന്നിരിക്കുന്ന ആക്ഷേപം. ആഴക്കടൽമേഖലയിൽ രാജ്യത്തിന്റെ മത്സ്യസമ്പത്തിന്റെ കേവലം 4 ശതമാനം മാത്രമാണുള്ളത്. വൻമുതൽമുടക്കോടെ ആഴക്കടലിലെത്തുന്ന കപ്പലുകൾ വൈകാതെ തീരപ്രദേശത്തെ മത്സ്യസമ്പത്തിനെയും ഉന്നംവച്ചെത്തും – അന്നന്നയപ്പം കൊണ്ട് അരവയർ നിറയ്ക്കുന്ന പാവങ്ങളും സാധാരണക്കാരുമായ പരമ്പരാഗത മത്സ്യത്തൊഴിലാളികൾ പങ്കുവയ്ക്കുന്ന ഈ ആശങ്ക ഗൗരവത്തോടെ കാണേണ്ടിയിരിക്കുന്നു. എന്തെന്നാൽ, ആയിരക്കണക്കിനു തൊഴിലാളികളുടെ ഉപജീവനമാർഗത്തെ ബാധിക്കുന്ന ഗുരുതരപ്രശ്നമാണിത്.

അത്യാധുനികസൗകര്യങ്ങളോടുകൂടിയ ഈ വൻകിടകപ്പലുകളോടു മത്സരിക്കാൻ ചെറുകിടയാനങ്ങൾക്കാവില്ലെന്നു മനസ്സിലാക്കാൻ വലിയ വൈദഗ്ധ്യമൊന്നുമാവശ്യമില്ല. 1.5 മുതൽ 4 ലക്ഷം വരെ വാട്ട് ശേഷിയുള്ള വൈദ്യുതവിളക്കുകളാണ് ഈ കൂറ്റൻകപ്പലുകളിൽ ഘടിപ്പിച്ചിരിക്കുന്നത്. ഇതിന്റെ തീവ്രവെളിച്ചത്തിലേക്കു തീരപ്രദേശത്തെ മത്സ്യങ്ങൾ കൂട്ടത്തോടെ പാഞ്ഞണയുന്നു. മത്സ്യക്കൊയ്ത്ത് എത്രയെളുപ്പം! ഇതു സംഭവിക്കില്ലെന്നു പറയാനാവുമോ? കേവലം നിഷേധപ്രസ്താവനകൊണ്ടു ലഘൂകരിക്കേണ്ട വിഷയമല്ലിത്. വിഴിഞ്ഞംസമരത്തിലും കരിമണൽഖനനവിഷയത്തിലുമൊക്കെ നാം കണ്ടതാണ് മത്സ്യത്തൊഴിലാളികളോടുള്ള അധികാരികളുടെ ഉദാസീനനയം. അതിനി ഉണ്ടാവരുത്. മത്സ്യസമ്പത്തുപോലെ വിലപ്പെട്ടതാണ് മത്സ്യത്തൊഴിലാളികളുമെന്നു കാണാനുള്ള വിവേകം സർക്കാരിനുണ്ടാവണം. അവരുടെ ഉത്കണ്ഠകൾ പരിഹരിക്കണം. ഇന്ത്യയിൽ നിലവിൽ ചെറുതും വലുതുമായ 3,14,677 മത്സ്യബന്ധനബോട്ടുകൾ പ്രവർത്തിക്കുന്നുണ്ട്. സുസ്ഥിരമത്സ്യബന്ധനത്തിന് 93,287 യാനങ്ങൾ മതിയെന്നിരിക്കെ അതിന്റെ മൂന്നിരട്ടിയോളം വരുന്ന അധികയാനങ്ങളുടെ സമ്മർദംമൂലം ഇപ്പോൾത്തന്നെ സമുദ്രആവാസവ്യവസ്ഥ ഞെരുങ്ങുകയാണ്. ഇതിലേക്കു വമ്പൻകപ്പലുകൾകൂടി എത്തുന്നതോടെ കടൽപരിസ്ഥിതി തകിടംമറിയാമെന്നു വിദഗ്ധർ ചൂണ്ടിക്കാട്ടുന്നു.

ആഴക്കടലിൽത്തന്നെ നിലവിൽ ആയിരത്തോളം ചെറുകിടബോട്ടുകളും ഇതിൽ പണിയെടുക്കുന്ന പതിനായിരക്കണക്കിനു തൊഴിലാളികളുമുണ്ടെന്നാണു കണക്ക്. രാജ്യത്താകട്ടെ, 40 ലക്ഷത്തോളം സജീവമത്സ്യത്തൊഴിലാളികളും നാലു കോടിയോളം കുടുംബങ്ങളും തീരക്കടലിനെ ആശ്രയിച്ചുകഴിയുന്നു. ഇങ്ങു കേരളത്തിലേക്കുവന്നാൽ സംസ്ഥാനത്തെ 222 തീരദേശമത്സ്യബന്ധനഗ്രാമങ്ങളിലും 113 ഉൾനാടൻ മത്സ്യബന്ധനഗ്രാമങ്ങളിലുമായി ഏകദേശം 10.50 ലക്ഷം തൊഴിലാളികളാണ് മത്സ്യബന്ധനമേഖലയുമായി ബന്ധപ്പെട്ട് ഉപജീവനം കഴിക്കുന്നത്. പൊതുസമൂഹത്തിന്റെ ആരോഗ്യത്തിലും നാടിന്റെ ഭക്ഷ്യസുരക്ഷയിലും നിസ്തുലപങ്കുവഹിക്കുന്ന ഈ കടലിന്റെ മക്കളുടെ അന്നംമുടക്കുന്ന സാഹചര്യത്തിൽനിന്നു വൻകപ്പലുകളെ തടയാൻ സർക്കാർ ജാഗ്രത പുലർത്തണം.

നമുക്കറിയാം, വളരെയേറെ അപകടംനിറഞ്ഞ തൊഴിലാണു മത്സ്യബന്ധനം. എപ്പോൾ വേണമെങ്കിലും ജീവനും തൊഴിലുപകരണങ്ങളും നഷ്ടപ്പെടാവുന്ന അവസ്ഥ. എന്നാൽ, മത്സ്യബന്ധനത്തിനു പോകുമ്പോഴും തിരികെവരുമ്പോഴും തിരയിൽപ്പെട്ട് അപകടമുണ്ടാകുന്നതും ജീവനും ജീവനോപാധികളും നഷ്ടപ്പെടുന്നതും പതിവുവാർത്തകളായിക്കണ്ടു സമൂഹവും സർക്കാരും കണ്ണടയ്ക്കുകയല്ലേയെന്നു നാം ചിന്തിക്കണം. പ്രതീക്ഷകളും സ്വപ്നങ്ങളുമായി കടലിലിറങ്ങുന്ന കുടുംബനാഥന്റെ ചേതനയറ്റ ശരീരമാണു പലപ്പോഴും കുടുംബാംഗങ്ങൾക്കു തിരികെ ലഭിക്കുന്നത്. ചില ഹതഭാഗ്യർക്ക് മൃതദേഹംപോലും ലഭിക്കാറില്ലെന്നു നാമോർക്കണം.

ഇത്രയേറെ അനിശ്ചിതത്വം നിറഞ്ഞ മറ്റൊരു ജീവിതമേഖല വേറെയുണ്ടോ? സംശയമാണ്. കടലിലെ ഉയരുന്ന തിരമാലകളിൽ ഉരുണ്ടുനീങ്ങുന്ന കട്ടമരംപോലെതന്നെയാണ് അവരുടെ കരയിലെ ജീവിതവും. കടലമ്മയുടെ കനിവിൽ കരപറ്റി നില്ക്കുന്ന അവരുടെ ഏകാശ്രയം കടലാണ്. ആ കടലിനെയും കടൽസമ്പത്തിനെയും കോർപറേറ്റുകൾക്കു തീറെഴുതിക്കൊടുത്തുകൊണ്ട് പാവം മത്സ്യത്തൊഴിലാളികളുടെ കഞ്ഞിയിൽ മണ്ണുവാരിയിടാനുള്ള നീക്കം ആരു നടത്തിയാലും അതിനെ ചെറുത്തുതോല്പിക്കേണ്ടിയിരിക്കുന്നു. ■

# പാലാ രൂപത പ്ലാറ്റിനം ജൂബിലി സമാപനം ജൂലൈ 26 ശനിയാഴ്ച കത്തീഡ്രലിൽ

പാലാ രൂപതയുടെ ഒരു വർഷം നീണ്ടുനിന്ന പ്ലാറ്റിനം ജൂബിലിയാഘോഷങ്ങളുടെ സമാപനം പാലാ കത്തീഡ്രലിൽ ജൂലൈ 26 ശനിയാഴ്ച നടക്കും.

രാവിലെ ഒമ്പതുമണിക്ക് ചങ്ങനാശേരി അതിരൂപതാധ്യക്ഷൻ ആർച്ചുബിഷപ് മാർ തോമസ് തറയിലിന്റെ മുഖ്യകാർമികത്വത്തിൽ രൂപതയിലെ എല്ലാ വൈദികരും ചേർന്നർപ്പിക്കുന്ന വിശുദ്ധകുർബാനയോടെ ചടങ്ങുകൾക്കു തുടക്കമാകും. പതിനൊന്നു മണിക്കു ചേരുന്ന പൊതുസമ്മേളനം മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്യും. സീറോമലബാർ സഭ മേജർ ആർച്ചുബിഷപ് മാർ റാഫേൽ തട്ടിൽ അധ്യക്ഷത വഹിക്കും. ശ്രീ ശശി തരൂർ എം.പി. മുഖ്യപ്രഭാഷണം നടത്തും.

സീറോ മലബാർ സഭ മുൻ മേജർ ആർച്ചുബിഷപ് കർദിനാൾ മാർ ജോർജ് ആലഞ്ചേരി, തോമസ് മാർ തിമോത്തിയോസ് മെത്രാപ്പോലീത്താ, ബിഷപ് റവ. ഡോ. വർഗീസ് ചക്കാലയ്ക്കൽ, മാർ ജോസഫ് പള്ളിക്കാപറമ്പിൽ, കേന്ദ്രമന്ത്രി ജോർജ് കുര്യൻ, മന്ത്രി റോഷി അഗസ്റ്റിൻ, എം.പി. മാരായ ജോസ് കെ. മാണി, ഫ്രാൻസിസ് ജോർജ്, എം.എൽ.എ.മാരായ സണ്ണി ജോസഫ്, മാണി സി. കാപ്പൻ, പാസ്റ്ററൽ കൗൺസിൽ ചെയർമാൻ ഡോ. കെ.കെ. ജോസ്, മുഖ്യവികാരി ജനറാൾ മോൺ. ജോസഫ് തടത്തിൽ എന്നിവർ ആശംസകളർപ്പിച്ച് സംസാരിക്കും.


പാലാ രൂപത പ്ലാറ്റിനം ജൂബിലിക്ക് പ്രാർത്ഥനാനിർഭരമായ ആശംസകൾ

മേജർ ആർക്കി എപ്പിസ്കോപ്പൽ മർത്ത് മറിയം അർക്കദിയാക്കോൻ തീർത്ഥാടനദൈവാലയം

കുറവിലങ്ങാട്



- ഭാരതത്തിലെ ഒന്നാമത്തെ പള്ളി (മാർത്തോമാ ശ്ലീഹാ സ്ഥാപിച്ച പള്ളികൾക്കു ശേഷം)
- പത്തൊൻപതു നൂറ്റാണ്ടുകളിലെ ഇടമുറിയാത്ത ക്രൈസ്തവപാരമ്പര്യം
- ലോകചരിത്രത്തിലാദ്യമായി പരിശുദ്ധ ദൈവമാതാവിന്റെ പാദസ്പർശമേറ്റ പുണ്യഭൂമി
- മുത്തിയമ്മ തെളിച്ചു നൽകിയ നീരുറവ
- മുത്തിയമ്മ സ്ഥാനിർണയം നടത്തിയ ദൈവാലയം
- അർക്കദിയാക്കോന്മാരുടെ പുണ്യകുടീരങ്ങളുമായി പകലോമറ്റം
- പുണ്യശ്ലോകൻ പനങ്കുഴയ്ക്കൽ വല്യച്ചന്റെ സ്വന്തം നാട്
- പ്രഥമ ഏതദ്ദേശീയമെത്രാൻ പറമ്പിൽ ചാണ്ടിമെത്രാന്റെ കത്തീഡ്രൽ
- ആദ്യപൊന്തിഫിക്കൽ വികാരി ജനറൽ നിധീരിക്കൽ മാണിക്കത്തനാരുടെ ഭരണസാരഥ്യം
- മധ്യകേരളത്തിലെ ഒട്ടനവധി ദൈവാലയങ്ങളുടെ പെറ്റമ്മയും പോറ്റമ്മയും
- ഏഷ്യയിലെ ഏറ്റവും വലിയ പള്ളിമണികൾ
- യോനാപ്രവാചകന്റെ നിനവെയാത്രയുടെ ഓർമകളിൽ കപ്പൽപ്രദക്ഷിണം
- ശതാബ്ദി പിന്നിട്ട് ഫ്രഞ്ചുമാതൃകയിലുള്ള വൈദികമന്ദിരം
- സീറോ മലബാർ സഭയിൽ മേജർ ആർക്കി എപ്പിസ്കോപ്പൽ ആർച്ചുഡീക്കൻ പദവി ലഭിച്ച ആദ്യദൈവാലയം.
- സീറോ മലബാർ സഭയിൽ ഇടവകവികാരിക്ക് ആർച്ചു പ്രീസ്റ്റ് പദവിയുള്ള പ്രഥമദൈവാലയം.



പാലാ രൂപത പ്ലാറ്റിനം ജൂബിലിക്ക് പ്രാർത്ഥനാനിർഭരമായ ആശംസകൾ





Very Rev. Fr. Vicar, Asst Vicars & Parishioners

ST. THOMAS CATHEDRAL

PALA

നോവൽ 23

# കാറ്റിന്റെ മർമരങ്ങൾ

സൂസൻ പാലാത്ര

"മോളേ എഴുന്നേറ്റേ, ആ പെങ്കൊച്ച് നിന്നെ ഒരുക്കാനിപ്പമിങ്ങുവരും."

സ്കൂളിൽ പഠിക്കുന്നകാലത്തും മക്കളെ വെളുപ്പിനെ വിളിച്ചുണർത്തുന്നത് അപ്പനായിരുന്നു. അവരുടെ ലഘുവായ പ്രഭാതപ്രാർഥനകേട്ട് അമ്മ ഝടുതിയിൽ എണീറ്റ് അടുക്കളയിൽക്കയറി, കോഫിയുണ്ടാക്കി ലിസിക്കും അപ്പനും നല്കി. എന്നിട്ട് ചെമ്പുകലത്തിൽ വെള്ളം ചൂടാക്കി, അതു കുളിമുറിയിലൊഴിക്കാൻ അപ്പനെ സഹായിച്ചു.

"ലിസിമോളേ, എളുപ്പംപോയി കുളിച്ചേ, ആ പെങ്കൊച്ചു വരുമ്പളത്തേക്ക് റെഡിയായിനിയ്ക്ക്. ഒരുങ്ങിക്കഴിഞ്ഞാൽ പിന്നെ കഴിക്കാൻ സമയം കിട്ടില്ല. കുളിച്ചിട്ടുവന്ന് ഒരപ്പം കഴിക്ക്."

ലിസി പറഞ്ഞു: "ഈ കട്ടവെളിപ്പിന് പതിവില്ലാതെ കഴിച്ചാൽ നെഞ്ചെരിച്ചിലുണ്ടാകും, ഒരുങ്ങുന്നതിനിടയ്ക്ക് ഇപ്പം തന്നപോലെ ഒരു നല്ല കാപ്പി തന്നാമതി."

ലിസി കുളിച്ചുകയറി വരുമ്പോൾ ദാ മോനി അമ്മകൊടുത്ത ചൂടുകാപ്പി ആറ്റിക്കുടിക്കുകയാണ്.

"ഇത്രേം നേരത്തേ വന്നോ, ഇച്ചാച്ചനാണോ കൊണ്ടുവന്നേ." ലിസി അദ്ഭുതംകൂറി.

"അല്ലല്ല, എന്റപ്പച്ചനാ, ഒരു സന്തോഷവാർത്തേമൊണ്ട്, ഒരു ബ്യൂട്ടിപാർലറിട്ടു തരാമെന്ന് അപ്പച്ചൻ പറഞ്ഞു."

"അതു നല്ലകാര്യമാ, കണ്ടോ എന്നെ സഹായിക്കാം എന്നുവച്ചപ്പളേ, ദൈവാനുഗ്രഹം വരുന്നവഴി കണ്ടില്ലേ." ലിസിയുടെ തമാശയും മോനിയുടെ പൊട്ടിച്ചിരിയുംകേട്ട് ഓരോരുത്തരായി എഴുന്നേല്ക്കാൻ തുടങ്ങി.

സ്ത്രീജനങ്ങൾ അപ്പം ചുടാനും, പുരുഷഗണം മുറ്റത്തെ അടുപ്പിൽ ചിക്കൻസ്റ്റ്യൂ ഉണ്ടാക്കാനും ആരംഭിച്ചു.

മോനി അമ്മയെ വിളിച്ചിട്ടു പറഞ്ഞു: "സാരിയുടുപ്പിക്കുന്നതിനു മുന്നേ റ്റീച്ചറിനുള്ള കാപ്പി കൊടുത്തേക്കണേ. മറ്റാരേം കേറ്റിവിടരുത്."

ലിസി ഇടയ്ക്കുകയറിപ്പറഞ്ഞു: "ഡ്രസ്സുംകൊണ്ട് ഗ്രേസി വരും, അവളേം നമ്മടെ സുമേം വിടണം, വേറാരും വേണ്ടാ."

ലിസി മോനിയോടു പറഞ്ഞു: "സിമ്പിളൊരുക്കം മതി, വെരി സിമ്പിൾ, ലിപ്സ്റ്റിക്കും റൂഷുമൊന്നും വേണ്ടാ. അച്ചാച്ചൻ പ്രത്യേകം പറഞ്ഞിട്ടുണ്ട്."

"ആഹാ അപ്പുവേട്ടനെ അച്ചാച്ചനെന്നാണോ വിളിക്കുന്നത്, അറിയാവോ പുള്ളി എന്റെ ഒരു കസിനാണ്."

"ആ, എനിക്കറിയാം പാറേലമ്മ നിങ്ങടെ ബന്ധുവല്ലേ."

അവരുടെ സംസാരവും അണിയിച്ചൊരുക്കലും അങ്ങനെ നീണ്ടുപോകുകയാണ്.

സ്വർണാഭരണങ്ങളും കല്യാണവസ്ത്രങ്ങളും കണ്ടിട്ട് അപ്പൻ പറഞ്ഞു: "എന്റെ കുഞ്ഞ് ഭാഗ്യവതിയാ, കർത്താവ് ചെയ്ത നീതി കണ്ടില്ലേ, ഇഷ്ടംപോലെ സ്വർണ്ണോം, വിലകൂടിയ നല്ലസാരീം."

"ഭാഗ്യമെന്നു പറഞ്ഞാലത് ദൈവനിന്ദയാകും, ഇതു ഭാഗ്യമല്ല, ദൈവാനുഗ്രഹമാണ്, കണ്ണീരിനെ മറികടക്കാത്ത ദൈവത്തിന്റെ കൃപ."

അമ്മ സ്വർഗത്തിലേക്കു കണ്ണുകളുയർത്തി ദൈവത്തെ വണങ്ങി.

"ഇങ്ങനെയുണ്ടോ ഒരൊരുക്കം, എത്ര നേരായി?" വല്യമ്മച്ചി അക്ഷമയായി.

സ്വർണാഭരണവിഭൂഷിതയായി, കല്യാണവസ്ത്രങ്ങൾ ധരിച്ച് അതിസുന്ദരിയായി, കൈയിൽ ബ്രൈഡൽ ബൊക്കേയും പിടിച്ച്, ഒരുങ്ങിവന്ന ലിസിയെ എതിരേറ്റത് അപ്രേം അയച്ച വീഡിയോഗ്രാഫറും ഫോട്ടോഗ്രാഫറുമായിരുന്നു. അവരാവശ്യപ്പെട്ട പ്രകാരം മോനി സാരിയുടെ ഞൊറികൾ ശരിയാക്കി, ഫോട്ടോയ്ക്കു പോസ് ചെയ്തു.

റോയിച്ചൻ ആരും കേൾക്കാതെ അമ്മയുടെ ചെവിയിൽ മന്ത്രിച്ചു: "എനിക്കും അളിയനുമൊന്നും ഒരു റോളുമില്ലേയമ്മേ."

"അതിലൊന്നും കാര്യമില്ല മക്കളേ, അവളുടെ കണ്ണീരും പ്രാർഥനയും കേട്ട ദൈവം അനുഗ്രഹമഴ ചൊരിയുകയാണ്. എല്ലാം നന്നായി നടക്കാൻ പ്രാർഥിക്കാം. ആ പാറേലമ്മയുടെ നല്ല മനസ്സുകൊണ്ടാ ഈ രീതിയിൽ മാന്യമായി അവളെ ഇറക്കിവിടാമ്പറ്റുന്നത്."

റോയിച്ചൻ പറഞ്ഞു: "ഇനി സുമേടെ കാര്യോംകൂടെ മതിയല്ലോ. അവളെ ഞാൻ കെട്ടിച്ചു വിട്ടോളാം, ഞങ്ങളൊരു ചിട്ടീൽ ചേർന്നിട്ടുണ്ട്."

"ഇപ്പം അതൊക്കെ വിട്, ഇവിടെ തിരക്കല്ലേ, തന്നേമല്ല സുമ കുഞ്ഞല്ലേ, കുറച്ചൂടെ പഠിപ്പിച്ചിട്ടാകാം, ബി.കോം പൂർത്തിയാക്കട്ടേ."

ജാള്യം മാറ്റാൻ റോയിച്ചൻ ലിസിക്കായി വാങ്ങിച്ച സ്വർണവളകൾ സുമയുടെ കൈയിൽ ഇടുവിച്ചുകൊടുത്തു. മേഴ്സി കൊടുത്ത വള അപ്പൻ തിരികെ മേഴ്സിയെ ഏല്പിച്ചു.

അമ്മയുടെയും സഹോദരിമാരുടെയും മുഖത്ത് ഒരു മന്ദസ്മിതം കളിയാടി.

ചെറുക്കന്റെ ഇടവകപ്പള്ളിയിലെത്തിയപ്പോളാണ് ലിസിയും വീട്ടുകാരും അക്ഷരാർഥത്തിൽ ഞെട്ടിയത്. വിവാഹശേഷം മുഖ്യകാർമികനായ തിരുമേനി നടത്തിയ ലഘുപ്രസംഗം അവരെ ആനന്ദതുന്ദിലിതരാക്കി.

"ഇവിടെ സന്നിഹിതരായിരിക്കുന്ന ഓരോരുത്തർക്കും മാതൃകയാക്കാവുന്ന പ്രവൃത്തികളാണ് അപ്രേം - ലിസി ദമ്പതികൾ ചെയ്തിരിക്കുന്നത്. പള്ളിക്കു സ്വർണ്ണക്കുരിശു നല്കാനോ, പള്ളിപിടിച്ചെടുക്കാൻ തല്ലും വഴക്കും നടത്തി കോടതിക്കേസുകൾ നടത്താനോ കർത്താവ് കല്പിച്ചിട്ടില്ല. കർത്താവ് പറഞ്ഞത് ഈ എളിയവരിൽ ഒരുവനു നിങ്ങൾ ചെയ്തെല്ലാം എനിക്കാണു ചെയ്തതെന്നാണ്. വിശക്കുന്നവർക്ക് ആഹാരം നല്കുക, രണ്ടുടുപ്പുള്ളവൻ ഒന്ന് ഇല്ലാത്തവനു കൊടുക്കുക, സർവോപരി നിന്നെപ്പോലെതന്നെ നിന്റെ അയല്ക്കാരനെ സ്നേഹിക്കുക എന്നീ ലളിതമായ കല്പനകൾ പാലിക്കുന്നവർ കർത്താവിനാൽ അനുഗൃഹീതരാണ്. അപ്രേം - ലിസി ദമ്പതികൾ അനുഗ്രഹിക്കപ്പെട്ടവരാണ്. സാധു കൊച്ചൂഞ്ഞുപദേശിയുടെ വരികൾശ്രദ്ധിക്കുക, ക്രിസ്തു 'അരക്കാശിനു മുതലില്ലാതെ തല ചായ്ക്കാനും ഇടമില്ലാതെ' ലോകരക്ഷകനായി ജീവിച്ചു.


ദൈവം ആത്മാവാണ്. ക്രിസ്തു മരിച്ചുയർത്ത് ഇന്നും ജീവിക്കുന്നു. പരിശുദ്ധാത്മാവെന്ന കാര്യസ്ഥനെ നമുക്കു നല്കിയത് ക്രിസ്തുവാണ്. ഹൃദയവാതിൽ തുറന്നുകൊടുത്താൽ പരിശുദ്ധറൂഹായെ നമുക്ക് അനുഭവിച്ചറിയാം. ചൂടായും, കുളിരായും കാറ്റായും അഗ്നിയായും അറിയാം. കാറ്റിന്റെ മർമരങ്ങൾ നാം കേൾക്കാറില്ലേ? വൃക്ഷത്തലപ്പുകളിൽ കാറ്റടിക്കുമ്പോൾ നാം ശബ്ദം കേൾക്കുന്നു, അതുപോലെ ഹൃദയവാതിൽ തുറന്നുകൊടുത്താൽ പരിശുദ്ധറൂഹായുടെ മർമരങ്ങൾ നമുക്ക് അനുഭവവേദ്യമാകും. റൂഹായുടെ മർമരങ്ങൾ കേൾക്കുന്നവൻ ഇതുപോലെ സൽക്കർമങ്ങൾ അനുഷ്ഠിക്കും.

അപ്രേമിന്റെയും ലിസിയുടെയും വിവാഹത്തിനുശേഷം മറ്റു രണ്ടു വിവാഹങ്ങൾകൂടെ ഇന്നിവിടെയുണ്ട്. ഇടവകയിലെ രണ്ടു പെൺകുട്ടികളുടെ വിവാഹം അപ്രേമിന്റെ ചെലവിൽ നടത്തുകയാണ്. പൊന്നുംപണവും കല്യാണച്ചെലവുകളും അപ്രേമിന്റെ ചെലവിലാണ്.

പള്ളിയിലെ മൂന്നു പാരിഷ് ഹാളിലായി മൂന്നുകൂട്ടരുടെയും ക്ഷണിച്ചുവന്ന ആൾക്കാർക്ക് സൗകര്യങ്ങളൊരുക്കിയിരിക്കുന്നു. വളരെ അച്ചടക്കത്തോടെ കൃത്യമായി എല്ലാക്കാര്യങ്ങളും പള്ളിക്കാരുതന്നെ മുൻകൈയെടുത്തു നടത്തുന്നു. വാർത്ത പരസ്യമാകാതിരിക്കാൻ അപ്രേമും വീട്ടുകാരും ശ്രദ്ധിച്ചു. ആ പെൺകുട്ടികൾക്ക് ഈ സൗജന്യം ഒരിക്കലും മാനഹാനിക്കിടയാകരുതെന്ന് അപ്രേമിന്റെ അമ്മച്ചി ശഠിച്ചു.

"ഇടംകൈ ചെയ്യുന്നത് വലംകൈ അറിയരുത്. ക്രിസ്തുവചനമാണത്.

നല്ല ഭർത്താവിനെയും ഭർത്തൃമാതാവിനെയും കിട്ടിയതിൽ ലിസി ദൈവമുമ്പാകെ നമ്രശിരസ്കയായി.



ആദ്യത്തെ നാലുദിനങ്ങൾ മുൻനിശ്ചയിച്ചപ്രകാരം വരന്റെ വീട്ടിലാണ്. അടുത്ത ബന്ധുക്കളുടെ വീടുകളിലൊക്കെ വിരുന്നുപോയി. എല്ലാവർക്കും എന്തെന്തു സ്നേഹം! പണക്കാരുടെ ജാടകളില്ലാതെ നിർബന്ധിച്ച് വിരുന്നൂട്ടുന്നു.

ലിസി മനസ്സിലോർത്തു; ഇത്രയേറെ സന്തോഷം അനുഭവിപ്പിക്കാനായിരുന്നോ അത്രയും കഠിനമായ മുൻകാലങ്ങൾ ലഭിച്ചതെന്ന്. പണമില്ലാതെ, പരിഗണനയില്ലാതെ കഷ്ടപ്പാടുകൾ നിറഞ്ഞ ബാല്യകൗമാരത്തിൽ, കനൽക്കട്ടയിലാണ് നിത്യവും ചവിട്ടിനടന്നത്. ഏറ്റവും സങ്കടമായത്, വല്യമ്മച്ചിയുടെ ആജ്ഞാനുവർത്തിയായി ചെയ്തുകൊടുത്ത അറയ്ക്കപ്പെട്ട, നാണംകെട്ട ദാസ്യവേലകളായിരുന്നു. തന്റെ സമപ്രായക്കാരായ കസിൻസ് തറവാട്ടിൽ വരുമ്പോൾ അവരോടൊപ്പം കളിച്ചുല്ലസിച്ചു നടക്കാൻ സമ്മതിക്കാതെ സദാ വേലയെടുപ്പിച്ചിട്ട്, ഒരു നല്ലവാക്കോ, ഒരു മിഠായിയോ കാലണപോലുമോ തരാത്ത വല്യമ്മച്ചിയെ അക്കാലങ്ങളിൽ അവൾക്ക് എത്രയധികം വെറുപ്പായിരുന്നു. എന്നിട്ട്, വിവാഹാവസരത്തിൽപ്പോലും ഒരു ബ്ലൗസിനുതുണിയെങ്കിലും അവരെടുത്തു തന്നില്ലല്ലോ.

ഇന്നിതാ കൊട്ടാരസദൃശമായ ഈ വീട്ടിലെ ജോലിക്കാരോടൊക്കെ അപ്രേമിന്റെ വീട്ടുകാർ ഇടപെടുന്നത് എത്ര സ്നേഹത്തോടെയാണ്! ദൈവത്തോടുള്ള നന്ദികൊണ്ട് അവളുടെ ഹൃദയത്തിൽനിന്ന് സ്തോത്രഗാനങ്ങൾ ഉയർന്നു.

അടുത്ത നാലുദിവസം ലിസിയുടെ വീട്ടിലാണ്. അവിടത്തെ ബന്ധുഗൃഹങ്ങളിലും ഇടവകപ്പള്ളിയിലും പോകണം. എന്തുചെയ്യാം, സമയം തീരെയില്ല. വീട്ടിൽ ചെന്നപ്പോൾ രണ്ടുമൂന്നു സന്തോഷവാർത്തകൾ കാത്തിരിക്കുന്നു. ഒന്ന്, പാസ്സ്പോർട്ടുകിട്ടിയത്. മറ്റൊന്ന്, ഇടുക്കി പൈനാവിലെ പ്ലാനിങ് ഓഫീസിൽ ടൈപ്പിസ്റ്റായി ലിസിക്ക് നിയമനം കിട്ടിയിരിക്കുന്നു. ഒപ്പം കൊല്ലം റവന്യു ഡിപ്പാർട്ട്മെന്റിലേക്ക് സ്റ്റെനോ ആയിട്ട് അഡ്വൈസ് മെമ്മോയും.

പാസ്പോർട്ട് കിട്ടിയതിനാൽ ഇനി അതിന്റെ ബാക്കി നോക്കണം, ബോംബെയിലും ഹൈദരാബാദിലുമൊക്കെ പോകണം. അക്കാര്യങ്ങൾ നടത്താൻ അപ്പു ഉത്സുകനായി.

(തുടരും)

# താറുമാറായ ഉന്നതവിദ്യാഭ്യാസമേഖല



ഫാ. മാത്യു ചന്ദ്രൻകുന്നേൽ

നേർമൊഴി

**വ**രുമാനമാർഗങ്ങൾ താരതമ്യേന കുറവുള്ള കേരളംപോലൊരു സംസ്ഥാനത്ത് പ്രധാനസമ്പത്ത് മാനവശേഷിയാണ്. അതിന്റെ ശുദ്ധീകരണവും വിപണിവത്കരണവും സാധ്യമാകുന്നത് ഗുണനിലവാരമുള്ള വിദ്യാഭ്യാസസ്ഥാപനങ്ങൾ വഴിയത്രേ. വിദ്യാഭ്യാസത്തിന്റെ പ്രാധാന്യം വ്യക്തമാക്കുന്നതാണ് ആ വകുപ്പിൽ രണ്ടു മന്ത്രിമാരുണ്ടെന്ന കാര്യം. പൊതുവിദ്യാഭ്യാസം മെച്ചപ്പെടുത്താൻ ഒരു മന്ത്രിയും ഉന്നതവിദ്യാഭ്യാസം ശക്തിപ്പെടുത്താൻ മറ്റൊരു മന്ത്രിയും. തങ്ങളെക്കാൾ മോശം മന്ത്രിമാർ വേറെയില്ലെന്നു നാട്ടുകാരെക്കൊണ്ടു പറയിപ്പിക്കത്തവിധമാണ് രണ്ടുപേരും തമ്മിൽ വിദ്യാഭ്യാസമേഖലയെ കലുഷിതമാക്കുന്നതിനുവേണ്ടി മത്സരിക്കുന്നത്. നാട്ടുകാർക്ക് ഉപകാരം ചെയ്ത് ജനപ്രീതി നേടരുതെന്നു മുഖ്യമന്ത്രി ആഗ്രഹിച്ചവരെയാണോ ഈ വകുപ്പിന്റെ ചുമതലക്കാരാക്കിയതെന്ന ചർച്ച സാധാരണമനുഷ്യരുടെ ഇടയിൽപ്പോലും സജീവമാണ്. റോഡു ടാർ ചെയ്യുന്നതുപോലെയോ കലുങ്കു നിർമിക്കുന്നതുപോലെയോ നിസ്സാരമായ കാര്യമല്ല തലമുറകളുടെ ഭാവി സുരക്ഷിതമാക്കുന്ന വിദ്യാഭ്യാസവകുപ്പിന്റെ ചുമതലനിർവഹണം. പഠിക്കാത്തവരെ മുഴുവൻ ജയിപ്പിച്ച് പൊതുവിദ്യാഭ്യാസമന്ത്രിയും സർവകലാശാലാവിദ്യാഭ്യാസം സംശയത്തിന്റെ നിഴലിൽ കൊണ്ടുവന്ന് ഉന്നതവിദ്യാഭ്യാസമന്ത്രിയും ആത്മനിർവൃതി അനുഭവിക്കുകയാണ്. കുട്ടികളുടെ ഭാവിയോ നാടിന്റെ വികസനമോ അവരെ ബാധിക്കുന്ന പ്രശ്നമേയല്ല.

ഉന്നതവിദ്യാഭ്യാസവകുപ്പിനു നാണക്കേടുണ്ടാക്കിയ അവസാനത്തെ സംഭവം കീം മാർക്ക് ഏകീകരണവുമായി ബന്ധപ്പെട്ടതാണ്. എഞ്ചിനീയറിങ് പ്രവേശനപ്പരീക്ഷയിലെ മാർക്ക് ഏകീകരണഫോർമുല പരിഷ്കരിക്കാൻ വിദഗ്ധസമിതിയെപ്പോലും മറികടന്ന് വളഞ്ഞ വഴി സ്വീകരിച്ച ഉന്നതവിദ്യാഭ്യാസവകുപ്പ് അക്ഷരാർഥത്തിൽ കുടുങ്ങിയിരിക്കുകയാണ്. സർക്കാർതന്നെ നിയോഗിച്ച വിദഗ്ധസമിതി നാലു നിർദേശങ്ങളാണ് മുമ്പോട്ടു വച്ചത്. ഒന്ന്, എൻട്രൻസ് മാർക്കു മാത്രം പരിഗണിക്കുക. രണ്ട്, ഏകീകരിക്കാത്ത പ്ലസ്ടുമാർക്കും പരിഗണിക്കുക. മൂന്ന്, തമിഴ്നാട് മാതൃക സ്വീകരിക്കുക. നാല്, മറ്റു ചില സംസ്ഥാനങ്ങളുടെ മാതൃക സ്വീകരിക്കുക. ഈ നിർദേശങ്ങളെക്കുറിച്ചു വിശദമായ പഠനം നടത്താൻ തയ്യാറാകാതെ തമിഴ്നാട് മാതൃകയിൽ അല്പസ്വല്പമാറ്റങ്ങൾ വരുത്തി ഏകീകരണഫോർമുലപരിഷ്കരിക്കാനാണ് സർക്കാർ തയ്യാറായത്. വിശദപഠനം ഒഴിവാക്കാനുള്ള ന്യായമായി പറഞ്ഞത് അതിനുള്ള സമയമില്ലെന്നാണ്. വിദഗ്ധസമിതിയുടെ റിപ്പോർട്ടിനുപകരം പ്രവേശപ്പരീക്ഷാകമ്മീഷണറുടെ ഓഫീസിൽനിന്നു നൽകിയ അഞ്ചു നിർദേശങ്ങൾ പരിഗണിച്ചാണ് സർക്കാർ പുതിയ ഫോർമുലയ്ക്കു രൂപം നൽകി വിവാദമുണ്ടാക്കിയത്.



സംസ്ഥാനഎഞ്ചിനീയറിങ് പ്രവേശനം ഇത്രമേൽ വിവാദപരവും ആശങ്കാജനവുമായി ഇതുവരെ നടത്തിയിട്ടില്ല. റാങ്ക്‌ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നതിനു തൊട്ടുതലേന്നാണ് പ്രോസ്പെക്ടസിൽ പറഞ്ഞിരുന്നതിനു വിപരീതമായി പുതിയ മാർക്ക് ഏകീകരണഫോർമുല നിശ്ചയിച്ചു നടപ്പിലാക്കാൻ തീരുമാനിച്ചത്. അങ്ങനെ ചെയ്യുകവഴി പഴയപദ്ധതിപ്രകാരം പഠിച്ച് റാങ്ക് പ്രതീക്ഷിച്ചിരുന്നവരുടെ പ്രതീക്ഷകൾ തകർന്നു. അവർ നിരാശരും സർക്കാർതീരുമാനത്തിന് എതിരാളികളുമായി. പുതിയ ഏകീകരണഫോർമുല അനുകൂലമായി എന്ന് ആദ്യം കരുതിയ വിദ്യാർഥികളും താമസിയാതെ നിരാശരും നിരാലംബരുമായി. സർക്കാരിന്റെ നടപടിയിൽ വ്യക്തത പോരെന്നും സുതാര്യതക്കുറവുണ്ടെന്നും കണ്ട് ഹൈക്കോടതിയുടെ സിംഗിൾ ബഞ്ച് പ്രവേശനനടപടികൾ മരവിപ്പിച്ചു. ഡിവിഷൻ ബഞ്ചിൽ സർക്കാർ അപ്പീൽ പോയെങ്കിലും സിംഗിൾ ബഞ്ച് തീരുമാനത്തെ ഡിവിഷൻ ബഞ്ച് അനുകൂലിക്കുകയാണു ചെയ്തത്. പിന്നീടുള്ള സാധ്യത സുപ്രീംകോടതിയെ സമീപിക്കുക എന്നതാണ്. അതിനു സർക്കാർ സന്നദ്ധമല്ലെന്നും മന്ത്രി അറിയിച്ചു. പരമോന്നതകോടതിയിൽ പോയാൽ ഇതിലും വലിയ തിരിച്ചടിയും നാണക്കേടും ഉണ്ടാകുമെന്ന ഭയമാണ് സർക്കാർ പിന്മാറ്റത്തിനു കാരണമായി കണക്കാക്കപ്പെടുന്നത്. സർക്കാർ നടപടിക്രമങ്ങളിലെ ക്രമക്കേടുകളും പാളിച്ചകളുമാണ് വിദ്യാർഥികളുടെ ഭാവിയെ അപകടപ്പെടുത്തുന്ന ഈ അവസ്ഥയിലേക്കു നയിച്ചത്.

മെഡിക്കൽ-എഞ്ചിനീയറിങ് പ്രവേശനത്തിനു പ്രത്യേക യോഗ്യതാപരീക്ഷ നടത്തുന്നത് ഏറ്റവും സമർഥരായ വിദ്യാർഥികളെ കണ്ടെത്തുന്നതിനുവേണ്ടിയാണ്. ഈ പരീക്ഷകൾ സാമാന്യേന വിഷമമേറിയതാണ്. പതിനായിരക്കണക്കിനു വിദ്യാർഥികൾ കോച്ചിങ്സ്ഥാപനങ്ങളുടെ സഹായത്തോടെ ഈ പരീക്ഷയെഴുതുന്നത് പ്രത്യേക ലക്ഷ്യങ്ങളോടെയാണ്. ഒന്നാമത്തെ ലക്ഷ്യം ഏറ്റവും നിലവാരമുള്ള എഞ്ചിനീയറിങ് കോളജിൽ പഠിക്കുക. രണ്ടാമത്തേത് സർക്കാർ ഫീസിൽ പഠിക്കുക. ഉയർന്ന റാങ്ക് ലഭിക്കുന്നവർക്ക് ഇതു രണ്ടും സാധ്യമാകുന്നതുകൊണ്ടാണ് ഈ പരീക്ഷ പ്രധാനപ്പെട്ടതായി മാറുന്നത്. വിദ്യാർഥികൾ തൊഴിൽവിപണിയിലെത്തുമ്പോൾ ഏതു സ്ഥാപനത്തിൽ പഠിച്ചുവെന്നത് പരിഗണനാവിഷയമാകും.

മാർക്ക് ഏകീകരണം ആവശ്യമായി വരുന്നത് പല സ്കീമുകളിൽ പഠിച്ചിറങ്ങിയ കുട്ടികൾ പ്രവേശനപ്പരീക്ഷ എഴുതുന്നു എന്നതുകൊണ്ടാണ്. നിലവിലെ രീതിയനുസരിച്ച് സിബിഎസ്ഇ സ്കീമിൽ പഠിച്ചിറങ്ങുന്നവർക്കു സാധ്യത കൂടുതലാണ്. ആദ്യ 100 റാങ്കിൽ 79 പേരും അവരാണ്. കേരളസിലബസ് പഠിച്ചിറങ്ങുന്ന 21 പേരാണ് പട്ടികയിലുണ്ടാവുക. ഈ പ്രശ്നം പരിഹരിക്കാനാണ് സർക്കാർ ശ്രമിച്ചു പ്രതിസന്ധിയിലായത്.




പാലാ രൂപത പ്ലാറ്റിനം ജൂബിലിക്ക് പ്രാർത്ഥനാനിർഭരമായ ആശംസകൾ

Very Rev. Fr. Vicar, Asst. Vicars & Parishioners

HOLY CROSS FORANE CHURCH

CHERPUNKAL



പാലാ രൂപത പ്ലാറ്റിനം ജൂബിലിക്ക് പ്രാർത്ഥനാനിർഭരമായ ആശംസകൾ

Rev. Fr. Vicar, Pastoral Assistant, Asst. Vicars & Parishioners

ST. MARY'S CHURCH

LALAM OLD, PALA

# ഇരട്ടിമധുരവുമായി ജൂബിലിവർഷം



**മേരി സെബാസ്റ്റ്യൻ**

ചരിത്രത്താളുകൾ പിറകോട്ടുമറിക്കുവാനും മനനം ചെയ്യുവാനുമുള്ള വിശേഷസിദ്ധി മനുഷ്യനു മാത്രം കരഗതമായ ഒരു ദൈവാനുഗ്രഹമാണ്. വിശുദ്ധ ഗ്രന്ഥം നമ്മെ ഓർമപ്പെടുത്തുന്നു: “കഴിഞ്ഞുപോയ കാലങ്ങൾ ഓർക്കുവിൻ. തലമുറകളിലൂടെ കടന്നുപോയ വർഷങ്ങൾ അനുസ്മരിക്കുവിൻ. പിതാക്കന്മാരോടു ചോദിക്കുവിൻ, അവർ നിങ്ങൾക്കു പറഞ്ഞുതരും”(നിയമ.32:7) ഏതൊരു ദേശത്തിന്റെയും സാംസ്കാരികപുരോഗതി അതിന്റെ ആധ്യാത്മികചരിത്രത്തോടു ബന്ധപ്പെട്ടുകിടക്കുന്നു. ധാർമികമൂല്യങ്ങളുടെ ഇരിപ്പിടവും ആധ്യാത്മികതതന്നെയാണ്.

കേരളത്തിന്റെ ക്രൈസ്തവ പാരമ്പര്യത്തിലും ആഗോളസഭയിലെ ദൈവവിളിയുടെ കണക്കിലും പാലാ രൂപത അനന്യമാണ്. തനതായൊരു സംസ്കാരം രൂപതയെ വ്യത്യസ്തമാക്കുന്നു. രൂപതാസമൂഹം ഒന്നടങ്കം സന്തോഷം അലതല്ലുന്ന തിളക്കമാർന്ന പ്ലാറ്റിനംജൂബിലിയുടെ നിറവിലാണിപ്പോൾ.

1950 ജൂലൈ 25 നാണ് ചങ്ങനാശ്ശേരി അതിരൂപത വിഭജിച്ച് പാലാ രൂപത സ്ഥാപിതമാകുന്നത്. അഭിവന്ദ്യ സെബാസ്റ്റ്യൻ വയലിൽ പിതാവിനെ പ്രഥമ രൂപതാധ്യക്ഷനായി നിയമിക്കുകയും ചെയ്തു. രൂപതയുടെ സർവതോമുഖമായ വളർച്ചയ്ക്ക് സുദൃഢവും സുശക്തവുമായ അടിത്തറ പാകുവാൻ പിതാവിന്റെ അക്ഷീണപരിശ്രമവും നിതാന്തജാഗ്രതയും കാരണമായി എന്നത് അഭിമാനത്തോടും ആദരവോടുംകൂടി സ്മരിക്കുന്നു. പിന്നീട്, മാർ ജോസഫ് പള്ളിക്കാപറമ്പിൽപിതാവും മാർ ജോസഫ് കല്ലറങ്ങാട്ടുപിതാവും മാർ ജേക്കബ് മുരിക്കൻപിതാവും രൂപതയുടെ സർവതോമുഖമായ വളർച്ചയ്ക്കും ഉയർച്ചയ്ക്കും താങ്ങും തണലുമായി.

വിവിധ ഇടവകകളിൽനിന്നായി 30 ഓളം ബിഷപ്പുമാർ പാലാ രൂപതയ്ക്കു സ്വന്തമെന്നറിയുമ്പോൾ ആരുടെ ഹൃദയമാണ് തുടികൊട്ടാത്തത്? 2700 വൈദികരും 12000 സന്ന്യാസിനികളും സ്വദേശത്തും വിദേശത്തുമായി സേവനം ചെയ്യുന്നു. മൂന്നേകാൽ ലക്ഷത്തോളം വിശ്വാസികളും 71000 ത്തിലധികം ഭവനങ്ങളും രൂപതയെ ധന്യമാക്കുന്നു. അതുകൊണ്ടുതന്നെ ദൈവകൃപ കരകവിഞ്ഞൊഴുകുന്ന ഈ രൂപതയ്ക്ക് ഏഷ്യയിലെ വത്തിക്കാൻ എന്ന അപരനാമം തികച്ചും അന്വർഥമാണ്.

അറിയപ്പെടാതെയും കാണപ്പെടാതെയും വിശുദ്ധരെന്നു പേരു വിളിക്കപ്പെടാതെയും മൺമറഞ്ഞ എത്രയോ ധന്യാത്മാക്കളുടെ നാടാണിത്. അവരുടെ കണ്ണീരിന്റെ ഉപ്പും, വിയർപ്പിന്റെ നനവും സഹനത്തിന്റെ പാരമ്യതയും പ്രാർഥനയുടെ ശക്തിയും ഈ രൂപതയുടെ മൂലധനമായി ഭവിച്ചു. കുടുംബക്കൂട്ടായ്മകൾ, വിശ്വാസപരിശീലനം, ഭക്തസംഘടനകൾ, വിദ്യാഭ്യാസം, ആതുരസേവനം, സ്ഥാപനങ്ങൾ, പ്രസ്ഥാനങ്ങൾ, കൃഷി, വ്യവസായം തുടങ്ങി കലാസാഹിത്യ മേഖലകളിൽവരെ നൂറുമേനി വിളവെടുക്കുന്ന രൂപതയാണു പാലാ.

ആർഷഭാരതത്തിന്റെ ആദ്യവിശുദ്ധയായ അൽഫോൻസാമ്മയിൽ തുടങ്ങി വാഴ്ത്തപ്പെട്ട കുഞ്ഞച്ചനും ധന്യൻ കദളിക്കാട്ടിൽ മത്തായിയച്ചനും ദൈവദാസൻ കണിയാരകത്ത് ബ്രൂണോ അച്ചനും, ദൈവദാസി കൊളോത്തമ്മയും ദൈവദാസൻ കപ്പുച്ചിൻ ആർമണ്ടച്ചനും പനങ്കുഴയ്ക്കൽ വല്യച്ചനുമെല്ലാം ഈ പാലാ രൂപതയുടെ മണ്ണിൽ ജന്മംകൊണ്ട പുണ്യാത്മാക്കളാണ്. പറമ്പിൽ ചാണ്ടിമെത്രാനും പാറേമ്മാക്കൽ തോമ്മാക്കത്തനാരും നിധീരിക്കൽ മാണിക്കത്തനാരും, പകലോമറ്റം അർക്കദിയാക്കോന്മാരുമൊക്കെ ഈ രൂപതയുടെ മാത്രമല്ല, സീറോ മലബാർ സഭയുടെതന്നെ മാർഗദീപങ്ങളാണ്.

കലാ, കായിക, സാഹിത്യ, സാംസ്കാരികവിദ്യാഭ്യാസരംഗങ്ങളിലെല്ലാം വൻനേട്ടങ്ങൾ കൊയ്തെടുത്ത നിരവധി ജനപ്രിയരായ സർഗപ്രതിഭകളും ഈ രൂപതയ്ക്കു സ്വന്തമാണ്.

ഇന്ന് ഈ രൂപതയുടെ സമസ്തമേഖലകളിലും ചാലകശക്തിയായി രൂപതാധ്യക്ഷൻ അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ടുപിതാവ് നിലകൊള്ളുന്നു!


കത്തോലിക്കാസഭയിലുള്ള ഓരോ വ്യക്തിക്കും 2025 ജൂബിലിവർഷമാണ്! അതുപോലെ തന്നെ ഇതു രൂപതയ്ക്കും ജൂബിലിവർഷമായതിനാൽ പാലാക്കാർക്ക് തേനിൽ മുക്കിയ കരിമ്പുപോലെ ഇരട്ടിമധുരം നൽകുന്നു ഈ വേള. സങ്കീർത്തകനോടൊപ്പം നമുക്കും ഏറ്റുചൊല്ലാം: “വാർധക്യത്തിലും അവർ ഫലം പുറപ്പെടുവിക്കും. അവർ എന്നും ഇല ചൂടി പുഷ്ടിയോടെ നിൽക്കും” (സങ്കീ. 92:14).


പാലാ രൂപത പ്ലാറ്റിനം ജൂബിലിക്ക് പ്രാർത്ഥനാനിർഭരമായ ആശംസകൾ

Very Rev. Fr. Vicar, Asst. Vicar & Parishioners

ST. AUGUSTINE'S FORANE CHURCH

KADANAD



പാലാ രൂപത പ്ലാറ്റിനം ജൂബിലിക്ക് പ്രാർത്ഥനാനിർഭരമായ ആശംസകൾ

Rev. Fr. Vicar, Asst. Vicar & Parishioners

ST. JOSEPH'S CHURCH

THIDANAD



പാലാ രൂപത പ്ലാറ്റിനം ജൂബിലിക്ക്

പാലാ കിഴതടിയൂർ പള്ളി ഇടവകസമൂഹത്തിന്റെ പ്രാർത്ഥനാനിർഭരമായ ആശംസകൾ!

സെന്റ് ജോസഫ്സ് ചർച്ച് & സെന്റ് ജൂഡ് ഷ്റൈൻ



# ഗതകാലത്തിന്റെ ചരിത്രസുഗന്ധവുമായി പാലാ

(9-ാം പേജ് തുടർച്ച)

അംഗീകരിക്കപ്പെടുകയും ചെയ്തു.

ആദ്യമായി വഞ്ചിപ്പാട്ടെഴുതിയത് രാമപുരത്തു വാര്യരായിരുന്നെങ്കിൽ മലയാളത്തിലെ ആദ്യത്തെ ഭാഷാവിജ്ഞാനകോശം എഴുതിയത് പത്മശ്രീ മാത്യു എം. കുഴിവേലിയായിരുന്നല്ലോ. അദ്ദേഹം തിരുവിതാംകൂർ സർവകലാശാലയിലെ പബ്ലിക്കേഷൻ ഡയറക്ടറായി പോകുമ്പോഴാണ് അദ്ദേഹത്തിനു പകരമായി മാണിക്കുട്ടിയച്ചൻ (ഫാ. മാണി സെബാസ്റ്റ്യൻ വയലിൽകളപ്പുര) പാലാ സെന്റ് തോമസ് ട്രെയിനിങ് സ്കൂളിന്റെ ഹെഡ്മാസ്റ്ററായി നിയമിക്കപ്പെട്ടത്. ഏതാനും വർഷങ്ങൾക്കുള്ളിൽ മാർ ജെയിംസ് കാളാശേരിപ്പിതാവ് മാണിക്കുട്ടിയച്ചനെ പാലായിൽ ആരംഭിക്കുവാനിരുന്ന പുതിയ കോളജിന്റെ നിർമാണക്കമ്മിറ്റി പ്രസിഡന്റാക്കി നിയമിച്ചു. കോളജിന്റെ ആദ്യമന്ദിരത്തിന്റെ ഉദ്ഘാടനദിവസം തന്നെയാണ് പാലാ രൂപത സ്ഥാപിച്ചുകൊണ്ടും ഫാ. സെബാസ്റ്റ്യൻ വയലിലിനെ പുതിയ രൂപതയുടെ പ്രഥമ ബിഷപ്പായി നിയമിച്ചുകൊണ്ടുമുള്ള പന്ത്രണ്ടാം പീയൂസ് മാർപാപ്പായുടെ കല്പനയെത്തിയതും. ഇപ്പോൾ പാലാ രൂപത സ്ഥാപിതമായിട്ട് 75 വർഷങ്ങൾ പൂർത്തിയാകുന്നു.

പറഞ്ഞുവന്നത് പാലായുടെ സാഹിത്യപൈതൃകത്തെപ്പറ്റിയാണ്. 'ശ്രീയേശുവിജയം' എഴുതിയ മഹാകവി കട്ടക്കയം ചെറിയാൻ മാപ്പിളയും മഹാകവി പ്രവിത്താനം പി.എം. ദേവസ്യയും മഹാകവി പാലാ നാരായണൻനായരും സിസ്റ്റർ മേരി ബനീഞ്ഞയും മാത്രമല്ല, പിൽക്കാലത്ത് നോവൽ-കഥാ സാഹിത്യരംഗത്ത് അറിയപ്പെട്ട ലളിതാംബിക അന്തർജനവും വെട്ടൂർ രാമൻനായരും ജെ.കെ.വി.യും സക്കറിയയും ഏഴാച്ചേരി രാമചന്ദ്രനുമൊക്കെ സാഹിത്യത്തിലെ പാലായുടെ പൊതുസ്വത്താണെന്നു പറയാം.



മാർ ജോസഫ് പള്ളിക്കാപറമ്പിൽ



മാർ ജോസഫ് കല്ലറങ്ങാട്ട്



മാർ ജേക്കബ് മുരിക്കൻ

രാഷ്ട്രീയത്തിലും പാലായുടെ പൈതൃകം തിളക്കമാർന്നതാണ്. തിരുവിതാംകൂർ ശ്രീമൂലം പ്രജാസഭയിൽ അംഗമായിരുന്ന ജോൺ ഉലഹന്നൻ വടക്കനാണ് മീനച്ചിൽനിന്ന് ആദ്യമായി നിയമസഭാ സാമാജികനായത്. പിന്നീട്, 1934 ൽ ആർ.വി. തോമസ് ശ്രീചിത്തിര നിയമസഭാകൗൺസിലിൽ അംഗമായി. (എം.എൽ.സി.) സ്വാതന്ത്ര്യലബ്ധിയെത്തുടർന്ന് 1948 ൽ പാലായിൽനിന്നും ആദ്യത്തെ എംഎൽഎ യായ ആർ.വി. ഇന്ത്യൻ ഭരണഘടനാനിർമാണസമിതിയിലും അംഗമായി തിരഞ്ഞെടുക്കപ്പെട്ടു. 1948 ൽ നിയമസഭാ സ്പീക്കറായും തിരഞ്ഞെടുക്കപ്പെട്ടു. 1952 ൽ പൂഞ്ഞാർ നിയമസഭാമണ്ഡലത്തിൽനിന്നും എം.എൽ.എ. യായ എ.ജെ. ജോൺ ക്രിസ്ത്യൻ ന്യൂനപക്ഷവിഭാഗത്തിൽനിന്നുള്ള ആദ്യത്തെ മുഖ്യമന്ത്രിയായി. പിന്നീട് മദ്രാസ് ഗവർണറുമായി. പ്രൊഫ. കെ.എം. ചാണ്ടി ഗുജറാത്തിലും മധ്യപ്രദേശിലും ഗവർണറായപ്പോൾ എം.എം. ജേക്കബ് മേഘാലയ ഗവർണറായി. മീനച്ചിൽപ്രദേശത്തു നിന്ന് ആദ്യം മന്ത്രിയായത് അഡ്വ. ടി.എ. തൊമ്മനാണ് (1964). ഏറ്റവും കൂടുതൽ കാലം എംഎൽഎ ആയതിന്റെയും മന്ത്രിയായതിന്റെയും റിക്കോർഡ് ശ്രീ കെ.എം. മാണിക്കാണ്. പ്രൊഫ. എൻ.എം. ജോസഫും മന്ത്രിയായിരുന്നു. മോൻസ് ജോസഫ് മന്ത്രിയായപ്പോൾ പി.സി. ജോർജ് കാബിനറ്റ് റാങ്കിൽ നിയമസഭാ ചീഫ് വിപ്പായി. ഇപ്പോൾ മന്ത്രിസഭയിൽ ശ്രീ. റോഷി അഗസ്റ്റിനുമുണ്ടല്ലോ. 1960 ൽ മീനച്ചിൽ നിയമസഭാമണ്ഡലത്തിൽ നിന്ന് എംഎൽഎ യായി ജയിച്ചാണ് പി.ടി. ചാക്കോ ആഭ്യന്തര മന്ത്രിയായത്. പാലായുടെ മണ്ണിന് ഒരു രാഷ്ട്രീയഭാഗ്യമുണ്ടെന്നു കൂടി സൂചിപ്പിച്ചുവെന്നു മാത്രം.

വാണിജ്യരംഗത്ത് പാലാ സെൻട്രൽ ബാങ്കിന്റെ ഉയർച്ച വേഗത്തിലായിരുന്നു. 1961 ൽ അതിന്റെ തകർച്ച തീരെ അപ്രതീക്ഷിതവും. ജോസഫ് ആഗസ്തി കയ്യാലയ്ക്കകവും സഹോദരന്മാരുമായിരുന്നു ബാങ്കിന്റെ ആദ്യകാലനായകർ. ജേക്കബ് ചെറിയാൻ മരുതുക്കുന്നേൽ, ജോർജ് ജോസഫ് കൊട്ടുകാപ്പള്ളി, ജോർജ് തോമസ് കൊട്ടുകാപ്പള്ളി തുടങ്ങിയവരും വെള്ളൂക്കുന്നേൽ സഹോദരന്മാരും ബാങ്കിന്റെ നേതൃനിരയിലുണ്ടായിരുന്നവരാണ്. ബാങ്കിന്റെ ലിക്വിഡേഷൻ ഇന്നും ഒരു സമസ്യയായി നിൽക്കുന്നു. ധനദുർവിനിയോഗം ആരോപിക്കപ്പെട്ടെങ്കിലും ലിക്വിഡേറ്ററുടെ 12 വർഷത്തെ ചെലവു കഴിഞ്ഞു നിക്ഷേപകർക്ക് ഒരു രൂപയ്ക്ക് 98 പൈസ വച്ച് നിക്ഷേപങ്ങൾ തിരികെക്കൊടുത്തുവെന്നത് സത്യമാണെങ്കിൽ ബാങ്ക് ലിക്വിഡേഷനുപിന്നിൽ ചുരുളഴിയാത്ത രഹസ്യങ്ങൾ വേറെയുമുണ്ടായിരിക്കണം.

മീനച്ചിൽ കർഷകന്റെ സാമ്പത്തികഭദ്രതയുടെ താക്കോൽ ഏറെക്കാലം റബർകൃഷിയോടു ചേർന്നാണ് ഇരുന്നിരുന്നത്. റബറിന്റെ വിലത്തകർച്ച മീനച്ചിൽ കർഷകരുടെയും നടുവൊടിച്ചുവെന്നു സമ്മതിക്കാതെ വയ്യ. എന്നാൽ, പ്രതിസന്ധികളെ അതിജീവിക്കാനുള്ള അസാമാന്യമായ കഴിവും ഇവിടത്തെ കർഷകർക്ക് അവർ ചവിട്ടിനിൽക്കുന്ന മണ്ണിൽനിന്നും ശ്വസിക്കുന്ന വായുവിൽനിന്നും ലഭിക്കുന്നുണ്ടെന്നതാണ് മറുവശം.


(ശേഷം 18-ാം പേജിൽ)


പാലാ രൂപത പ്ലാറ്റിനം ജൂബിലിക്ക് പ്രാർത്ഥനാനിർഭരമായ ആശംസകൾ

Very Rev. Fr. Vicar, Asst. Vicar & Parishioners

ST. JOHN NEPUMCIAN'S FORANE CHURCH

KOZHUVANAL



പാലാ രൂപത പ്ലാറ്റിനം ജൂബിലിക്ക്

കടപ്ലാമറ്റം സെന്റ് മേരീസ് ഫൊറോനാപ്പള്ളി ഇടവകസമൂഹത്തിന്റെ പ്രാർത്ഥനാനിർഭരമായ ആശംസകൾ!



പാലാ രൂപത പ്ലാറ്റിനം ജൂബിലിക്ക് പ്രാർത്ഥനാനിർഭരമായ ആശംസകൾ

Very Rev. Fr. Vicar, Asst. Vicar & Parishioners

HOLY FAMILY FORANE CHURCH & ST. JUDE SHRINE

KOOTHATTUKULAM



# സഭയും രാഷ്ട്രവും ആദരിച്ച സഹനപുത്രി

1-ാം പേജ് തുടർച്ച

അത് ആയിരങ്ങളിൽനിന്നു പതിനായിരങ്ങളിലേക്ക് വർധമാനമാകുമായിരുന്നുവെന്ന് ഉറപ്പ്.

അൽഫോൻസാമ്മ സഹനപുത്രിയോ സഹനപുഷ്പമോ ആകുന്നത് കുറെയേറെ സഹിച്ചതുകൊണ്ടല്ല; മറിച്ച്, സഹനത്തെ തന്റെയും മറ്റുള്ളവരുടെയും ജീവിതത്തെ വിശുദ്ധീകരിക്കാനും പകപ്പെടുത്താനും ഉപകരിക്കുന്ന സാധാരണക്കാരുടെ വഴിയായിട്ടാണ് അവൾ കണ്ടിരുന്നത്. അതിനാൽത്തന്നെ അല്പം സഹനംപോലും അവൾ നഷ്ടപ്പെടുത്തിയിരുന്നില്ല. സഹനത്തിന്റെ മൂല്യം കണ്ടെത്തിയിരുന്ന അവൾ സഹിക്കുവാനില്ലാത്ത ദിവസത്തെ നഷ്ടപ്പെട്ട ദിനമായി കണക്കാക്കിയിരുന്നു. മറ്റുള്ളവരെപ്പോലെ നിവൃത്തിയില്ലാത്തതുകൊണ്ടുമാത്രം സഹിച്ചവളല്ല വിശുദ്ധ അൽഫോൻസാമ്മ. സഹനത്തിന്റെയും അപമാനത്തിന്റെയും നിന്ദനത്തിന്റെയും വേദനകൾ മറ്റുള്ളവർക്കുവേണ്ടി സ്വയം ഏറ്റുവാങ്ങിക്കൊണ്ട് മരണത്തിൻമേൽത്തന്നെ വിജയം നേടിയവന്റെ മണവാട്ടിയാകാനാണ് അവൾ ആഗ്രഹിച്ചത്. ദൈവസ്നേഹത്താൽ ജ്വലിക്കുന്ന വ്യക്തിക്ക് ആ സ്നേഹത്തിനുവേണ്ടി ഏതു സഹനവും നഷ്ടവും ഏറ്റെടുക്കുന്നതിൽ യാതൊരുവിധ നഷ്ടബോധവും തോന്നുകയില്ല. ബനഡിക്ട് പതിനാറാമൻ പാപ്പായുടെ വാക്കുകളിൽ പറഞ്ഞാൽ, 'When a person is conquered by the fire of His gaze, no sacrifice is seems to be too great to follow Him...'

ദൈവം തന്റെ നോട്ടത്തിന്റെ തീക്ഷ്ണതകൊണ്ട് തന്നിലേക്കടുപ്പിച്ച വ്യക്തിക്ക് അവിടുത്തെ അനുഗമിക്കുവാൻ വേണ്ടിവരുന്ന ഒരു ത്യാഗവും ബുദ്ധിമുട്ടുളവാക്കുന്നില്ല. ത്യാഗവും സഹനവും വഴി ദൈവത്തെ സ്വന്തമാക്കിയവളാണ് അഥവാ ദൈവത്തിനു പ്രിയപ്പെട്ടവളായിത്തീർന്നവളാണ് വിശുദ്ധ അൽഫോൻസാ.

വിരലിലെണ്ണാവുന്ന ചില വ്യക്തികൾക്കൊഴികെ മറ്റാർക്കും ജീവിതകാലത്ത് അൽഫോൻസാമ്മയെ തിരിച്ചറിയാനാവാതിരുന്നതുപോലെതന്നെ അവളുടെ മരണശേഷവും ആദ്യ ആഴ്ചകളിൽ ഈ അവസ്ഥയ്ക്കു വ്യത്യാസമുണ്ടായില്ല. എന്നാൽ, മരണശേഷം അവളെ തിരിച്ചറിയുവാൻ ആദ്യം സാധിച്ചത് സ്കൂൾകുട്ടികൾക്കാണ്. അവളുടെ കബറിടത്തിലെത്തി തിരികൾ കത്തിച്ച് ആദ്യം പ്രാർഥിക്കുവാൻ ആരംഭിച്ചത് കുട്ടികളാണല്ലോ. അവരെ ആ ഉദ്യമത്തിൽനിന്നു പിന്തിരിപ്പിക്കാൻ എല്ലാവിധ മാർഗങ്ങളും പരീക്ഷിച്ച മാതാപിതാക്കളും മുതിർന്നവരും രണ്ടുമൂന്നു മാസങ്ങൾക്കുശേഷം അൽഫോൻസാകബറിടത്തിലെ നിത്യസന്ദർശകരായി എന്നതു ചരിത്രസത്യം. ആ രണ്ടുമൂന്നു മാസങ്ങൾ കൊണ്ട് സിസ്റ്റർ അൽഫോൻസാ പൊതുവിടങ്ങളിൽ സംസാരവിഷയമായി. മരണത്തിന് ഏതാനും മാസങ്ങൾക്കുശേഷം നിശ്ശബ്ദത ഭഞ്ജിക്കപ്പെട്ട് അൽഫോൻസാ പൊടുന്നനെ പൊതുജനസംസാരവിഷയമാവുകയും അവളുടെ കബറിടം തീർഥാടകരുടെ ലക്ഷ്യസ്ഥാനമാവുകയും ചെയ്തുവെങ്കിൽ മരണശേഷം ദൈവം അവളിലൂടെ പ്രത്യേകമാംവിധം പ്രവർത്തിക്കുന്നുവെന്നതിനു വേറെ തെളിവെന്തിന്?

പൊതുവിടങ്ങളിൽ അൽഫോൻസാ സംസാരവിഷയമാവുകയും അവളുടെ കബറിടത്തിങ്കലേക്ക് ജനപ്രവാഹം ആരംഭിക്കുകയും ചെയ്തത് സഭയുടെയും രാഷ്ട്രത്തിന്റെയും പലതവണയായുള്ള ആദരവിന് അവളെ അർഹയാക്കി. 1946 ജൂലൈ 28 ന് മരിച്ച സിസ്റ്റർ അൽഫോസാൻസായുടെ ജീവചരിത്രമെഴുതുവാൻ 1947 ജനുവരി ആദ്യവാരത്തിൽത്തന്നെ ചങ്ങാശ്ശേരി രൂപതയുടെ അധ്യക്ഷനായിരുന്ന മാർ ജെയിംസ് കാളാശ്ശേരി പിതാവ് ക്രമീകരണം ചെയ്തു.

▶17


ST. ALPHONSA SHRINE
CANTEEN & FOOD COURT
ALPHONSA SHRINE TOWER
BHARANANGANAM
PH: 94961 23624, 94475 92719


INDIAN, SOUTH INDIAN, NORTH INDIAN & CHINESE SNACKS, FRESH JUICE, ICE CREAM ETC...
A/C & NON A/C
COOL AMBIANCE, 200 COVERS AT A TIME



ASSISI
INSTITUTE OF FOREIGN LANGUAGES
ഭരണങ്ങാനം
+2 കഴിഞ്ഞ് ജർമ്മനിയിൽ പഠിക്കാൻ ആഗ്രഹിക്കുന്നുവോ..?
A1 - B2 level
9961 246 648
7994 376 648


വിശുദ്ധ അൽഫോൻസാമ്മയുടെ തിരുനാളിന് പ്രാർത്ഥനാനിർഭരമായ ആശംസകൾ

Superior General & Community
SISTERS OF ST. MARTHA'S GENERALATE
PALA

വിശുദ്ധ അൽഫോൻസാമ്മയുടെ തിരുനാളിന് പ്രാർത്ഥനാനിർഭരമായ ആശംസകൾ
MOTHER SUPERIOR & COMMUNITY
SISTERS OF THE DESTITUTE (S.D.)
( അഗതികളുടെ സഹോദരിമാർ )

- PALA (St. Vincent Providence House) Phone: 04822-213055
- MEVADA (Emmanuel Home) Phone: 9539836652
- PALAKKATTUMALA Phone: 9037178878
- THODANAL Phone: 9656043706
- KAVUMKANDOM Phone: 7025728838

ധന്യൻ
പയ്യപ്പിള്ളി വർഗീസച്ചൻ
(1876 – 1929) സഭാസ്ഥാപകൻ

# പിങ്ക്ളാങ്കിയും അഞ്ച് മാലാഖമാരും 12

ബാലനോവൽ

പുഷ്പമ്മ ചാണ്ടി

ഓണപ്പരീക്ഷയുടെ മാർക്കു കിട്ടി. കണക്കുപരീക്ഷ ജയിച്ചു, ഹിന്ദി തോറ്റു, അമ്മ അത്രയ്ക്ക് വഴക്കു പറഞ്ഞില്ല. പക്ഷേ, റ്റ്യൂഷൻ ഏർപ്പാടാക്കാൻ ആരെയൊക്കെയോ അമ്മ വിളിച്ചു. പക്ഷേ, അമ്മ ഇടയ്ക്കൊക്കെ ദേഷ്യത്തിൽ ഒരു നോട്ടം നോക്കി. ഹിന്ദി വഴങ്ങാത്തതിന് എന്തു ചെയ്യും?

അന്നൊരു വെള്ളിയാഴ്ചയായിരുന്നു. വൈകുന്നേരം സ്കൂൾ വിട്ടു വന്നപ്പോൾ, കേട്ട വാർത്ത അച്ചായന്മാർ വന്നു മാലാഖമാരുടെ രൂപങ്ങൾ എടുത്തുകൊണ്ടുപോയി എന്നാണ്.

പിങ്ക്ളാങ്കി ഈ വിവരം കേട്ടതും പൊട്ടിക്കരയാൻ തുടങ്ങി, അവന്റെ ഉച്ചത്തിലുള്ള കരച്ചിൽ കേട്ട് അമ്മ പേടിച്ചുപോയി.

''ഈ ചെറുക്കന് ഇത് എന്തിന്റെ കേടാണ്? അവർക്കതു പള്ളിയിൽ കൊടുക്കേണ്ടേ? ഐവാൻ, നീ എന്റെ കയ്യിൽ നിന്നും അടി വാങ്ങും ഞാൻ പറഞ്ഞേക്കാം."

"എന്റെ മാലാഖാമാരാണ് അവര്."

"നിന്റെ മാത്രം അല്ല, എല്ലാവരുടെയും മാലാഖാമാരാണ്."

"ഞങ്ങളു ഫ്രണ്ട്സ് ആയിരുന്നു."

"ഇവൻ എന്താ പിച്ചും പേയും പറയുന്നത്? നീയാണോ ആ പൊതിഞ്ഞുവെച്ചതൊക്കെ കിള്ളിപ്പൊളിച്ചത്?"

അതിന് ഉത്തരം പറയാതെ അവൻ പിന്നെയും കരയാൻ തുടങ്ങി.

"എനിക്കു മാലാഖമാരെ കാണണം, എനിക്കു ബൈ പറയാൻ പറ്റിയില്ല."

അവനെ ആശ്വസിപ്പിക്കാൻ ആശ പറഞ്ഞു:

''ക്രിസ്മസ് അവധിക്കു നിന്നെ ആ പള്ളിയിൽ കൊണ്ടുപോകാം."

"അമ്മ ചുമ്മാ പറയുന്നതാണ്, എന്നെ കൊണ്ടുപോകില്ല."

"പപ്പ വരുമ്പോൾ അമ്മ പറയാം, തീർച്ചയായിട്ടും കൊണ്ടുപോകാം, അമ്മ അല്ലേ പറയുന്നത്."

ആ ആശ്വാസവാക്കുകൾ ഒന്നും അവനു സമാധാനം കൊടുത്തില്ല, പിന്നെയും പിങ്ക്ളാങ്കി ഏങ്ങിയേങ്ങി കരഞ്ഞു.

തന്റെ കൂട്ടുകാരന് എന്തോ സംഭവിച്ചെന്ന് പിപ്പിനു മനസ്സിലായി, അവൻ ആ മുറിയിൽനിന്നു മാറാതെ ചുറ്റിപ്പറ്റി നിന്നു, ഇടയ്ക്കിടെ കട്ടിലിൽ കയറി തൊട്ടുരുമ്മി.

ശനിയും ഞായറും കരച്ചിലും ആശ്വസിപ്പിക്കലുമായി കടന്നുപോയി.

തിങ്കളാഴ്ച സ്കൂളിൽ പോകില്ല എന്നു മകൻ പറഞ്ഞെങ്കിലും സ്കൂൾബസ്സിൽ വിടാതെ, അമ്മതന്നെ പിങ്ക്ളാങ്കിയെ സ്കൂളിൽ കൊണ്ടാക്കി.

അശ്വിൻ നാരായണനെ സുഖപ്പെടുത്തിയ, അവന്റെ സ്വന്തം മാലാഖമാർ പോയി, ഒരു യാത്ര പോലും പറയാതെ. അതും ദൂരെ ഒരു പള്ളിയിലേക്ക്, വയനാട്ടിലെ ഏതോ ഒരു സ്ഥലം.

പപ്പ കട വിട്ടിട്ട് എങ്ങും ദൂരേക്കു വരില്ല. അമ്മയുടെ ഇച്ചായന്മാർ കൊണ്ടുപോകുമോ എന്നറിയില്ല.

സ്കൂളിൽ ഒന്നിലും ശ്രദ്ധിക്കാൻ സാധിച്ചില്ല.

ഐവാന്റെ മുഖം കണ്ടിട്ടു ടീച്ചർ ചോദിച്ചു:

"എന്താ ഐവാൻ, കണ്ണും മുഖവുമൊക്കെ ഒരുമാതിരി, സുഖമില്ലേ?"

"ഒന്നുമില്ല ടീച്ചർ."

വൈകുന്നേരം സ്കൂൾബസ്സിലും അവൻ മൂകനായിരുന്നു.

രാത്രിയിൽ ഭക്ഷണം കഴിക്കാൻ വിളിച്ചിട്ടു മറുപടി കേൾക്കാഞ്ഞ് അമ്മ മുറിയിൽ പോയി നോക്കിയപ്പോൾ, പിങ്ക്ളാങ്കിക്കു നല്ല പനി, എന്തൊക്കെയോ ഉരുവിടുന്നു.

മാലാഖമാരോട് അവൻ സംസാരിക്കുന്നപോലെ ആശയ്ക്കു തോന്നി. ചൂടുകൊണ്ട്



നെറ്റിയും ശരീരവും പൊള്ളുന്നപോലെ.

പപ്പയെ ഫോൺ വിളിച്ചു പറഞ്ഞിട്ട്, അമ്മ അടുത്ത വീട്ടിലെ ചേട്ടനെയും ചേച്ചിയെയും വിളിച്ചു, കാറെടുത്തു പിങ്ക്ളാങ്കിയെ ആശുപത്രിയിൽ കൊണ്ടുപോയി.

ഡോക്ടർ പരിശോധിച്ചിട്ടു, ഡ്രിപ് കൊടുത്തു. ഇന്നു രാത്രി ഇവിടെ കിടക്കട്ടെ എന്നു പറഞ്ഞു.

വിവരം അറിഞ്ഞു പപ്പാ ഓടി വന്നു.

അമ്മയും പപ്പയും അന്നു രാത്രിയിൽ ഐവാനെ നോക്കിയിരുന്നു.

ഉറക്കത്തിൽ അവൻ തന്റെ മാലാഖമാരെ കണ്ടു. അവർ അവനോടു സംസാരിക്കുന്നു, പക്ഷേ, അമ്മയ്ക്കു തോന്നിയത് അവൻ പനികൊണ്ട് എന്തൊക്കെയോ പറയുകയാണെന്നാണ്.

പിറ്റേദിവസം പനി മാറിയെങ്കിലും, മുഖത്തു നല്ല ക്ഷീണവും, സങ്കടവും.

ആശ ചോദിച്ചു:

"മോനേ നിനക്ക് എന്തുപറ്റി?"

"എന്റെ മാലാഖമാർ" പിന്നെയും വിതുമ്പലിന്റെ വക്കോളം എത്തി ഐവാൻ.

"മോനേ അത് മാലാഖമാരുടെ രൂപങ്ങളാണ്, ഇച്ചായന്മാർ അതു വിൽക്കാൻ ഓർഡർ എടുത്തുണ്ടാക്കിയതല്ലേ, അതങ്ങനെ വീട്ടിൽ വെക്കാൻ പറ്റുമോ, പറഞ്ഞതുപോലെ പള്ളിയിൽ ഏല്പിക്കണം, അമ്മയ്ക്ക് അറിയില്ലായിരുന്നു, നീ അവരോടു കൂട്ടുകൂടിയ വിവരം."

അമ്മ പറയുന്നത് അത്ര ഉത്സാഹമില്ലാതെ അവൻ കേട്ടുകൊണ്ടിരുന്നു.

"നമുക്ക് ജോസിച്ചായനോടു പറഞ്ഞു, വലുപ്പംകുറച്ചു മാലാഖമാരുടെ രൂപം ഉണ്ടാക്കാൻ പറയാം.'' പപ്പയാണ് അതു പറഞ്ഞത്.

"പുതിയത് ഉണ്ടാക്കിയാൽ അത് എന്റേതാകില്ല."

''ഇല്ലടാ, അതേപോലെ തന്നെ ചെറിയത് ഉണ്ടാക്കിത്തരും."

അതിന് ഉത്തരം പറയാതെ, പുതപ്പു മുഖത്തേക്കു വലിച്ചിട്ടു, കണ്ണടച്ചു കിടന്നു.

ഡോക്ടർ വന്നു പരിശോധിച്ചിട്ടു, പനി കുറവുണ്ട്, വീട്ടിൽ വൈകുന്നേരമാകുമ്പോൾ പോകാമെന്നു പറഞ്ഞു.

മുഖത്തെ പുതപ്പു മാറ്റിയിട്ട് അവൻ ചോദിച്ചു:

"അമ്മേ പിപ്പിൻ?"

''ഇപ്പോളാണോ പിപ്പിന്റെ കാര്യം തിരക്കുന്നത്?"

'എനിക്കു പനി അല്ലായിരുന്നോ?"

"സിസിലിയാന്റി വീട്ടിലുണ്ട്, അവര് നോക്കിക്കൊള്ളും, നിന്റെ താളത്തിനു തുള്ളിയതുകൊണ്ട് പണി മറ്റുള്ളവർക്കാണ്."

ഉച്ചകഴിഞ്ഞു ഡിസ്ചാർജ് വാങ്ങി എല്ലാവരും വീട്ടിലെത്തി.

പാവം പിപ്പിൻ, പിങ്ക്ളാങ്കിക്കും ചുറ്റും, പതിവുപോലെ ഓടിക്കളിച്ചു.

പപ്പയും അമ്മയും എത്ര ആശ്വസിപ്പിച്ചിട്ടും ഐവാന്റെ മനസ്സ് ശാന്തമായില്ല, മനസ്സുമുഴുവനും അവന്റെ കൂട്ടുകാരായ മാലാഖമാർ ആയിരുന്നു .

പള്ളിയുടെ വെഞ്ചരിപ്പ് കഴിഞ്ഞു, മാലാഖമാരെയും അവിടെ പ്രതിഷ്ഠിച്ചു. അൾത്താരയുടെ ഇടത്ത് ഗബ്രിയേൽ, ഏരിയൽ മാലാഖമാർ. വലത്ത് റാഫിൽ, ജോഫിൽ മാലാഖമാർ, നടുവിലായി, പ്രധാന ദൂതൻ മിഖായേൽ. ടി വി ചാനലിൽ അതു പിങ്ക്ളാങ്കി കണ്ടു.

അവന്റെ കൂട്ടുകാരെ നോക്കി, എല്ലാവരും പ്രാർഥിക്കുന്നു. പൂക്കൾ ഇടുന്നു, മെഴുകുതിരി കത്തിക്കുന്നു. അമ്മ ടിവിയിൽ നോക്കി കൈകൂപ്പി പ്രാർഥിക്കുന്നു. കൂടെ കണ്ണുകൾതുടയ്ക്കുന്നു. തന്റെ സഹോദരന്മാർ നിർമ്മിച്ച ശില്പങ്ങൾ, പ്രൗഢിയോടെ പള്ളിയിൽ ആളുകൾ പ്രാർഥിക്കുന്നു. അതായിരുന്നു ആശയുടെ മനസ്സിൽ അപ്പോൾ.

മാലാഖമാരുടെ കൂട്ടുകാരനായ താൻ മാത്രം അവിടെയില്ല. അതായിരുന്നു പിങ്ക്ളാങ്കിയുടെ മനസ്സിൽ.

*(തുടരും)*

## പാലാ സാന്തോം ഫുഡ് ഫാക്ടറി യാഥാർഥ്യമായി

# ഉത്പന്നങ്ങളുടെ വില നിശ്ചയിക്കാൻ കർഷകന് അവകാശമുണ്ടാവണം: മന്ത്രി പി. പ്രസാദ്

പാലാ: കർഷകന് തന്റെ ഉത്പന്നങ്ങളുടെ വില നിശ്ചയിക്കാനുള്ള അവകാശമുണ്ടാവണമെന്നു കൃഷിവകുപ്പു മന്ത്രി പി. പ്രസാദ്. പാലാ മുണ്ടുപാലം സ്റ്റീൽ ഇന്ത്യാ കാമ്പസിൽ സാൻതോം ഫുഡ് ഫാക്ടറി ഉദ്ഘാടനം ചെയ്ത് പ്രസംഗിക്കുകയായിരുന്നു അദ്ദേഹം.

വിത്തിടുന്നു പരിചരിക്കുന്നു വിൽക്കുന്നു എന്ന പരമ്പരാഗത കൃഷിരീതി മാറണം. തങ്ങളുടെ വിളവുകൾ മൂല്യവർധിത ഉത്പന്നങ്ങളാക്കി മാറ്റി വില കർഷകർ തന്നെ നിശ്ചയിക്കുമ്പോൾ വരുമാനം വർധിക്കും. ഇതിനായി ഫാം പ്ലാൻ രൂപീകരിച്ച് കൃഷിക്കാരുടെ കൂട്ടായ്മ സംഘടിപ്പിച്ച് പ്രവർത്തിച്ചു വരികയാണെന്നു മന്ത്രി പറഞ്ഞു.

സമ്മേളനം മന്ത്രി വി.എൻ. വാസവൻ ഉദ്ഘാടനം ചെയ്തു. കാർഷികമേഖലയിലെ ഏതു മുന്നേറ്റവും വ്യവസായവിപ്ലവത്തിന് ഇടയാക്കുകയും തൊഴിലവസരങ്ങൾ വർധിപ്പിക്കുകയും ചെയ്യുമെന്ന് അദ്ദേഹം പറഞ്ഞു. കോട്ടയം തുറമുഖം യാഥാർഥ്യമാവുന്നതോടെ ഇവിടത്തെ ഉത്പന്നങ്ങൾ ലോകരാജ്യങ്ങളിലെത്തിക്കാൻ കൂടുതൽ സൗകര്യമൊരുങ്ങുമെന്നും മന്ത്രി വി.എൻ.വാസവൻ പറഞ്ഞു.

ബിഷപ് മാർ ജോസഫ് കല്ലറങ്ങാട്ട് അധ്യക്ഷത വഹിച്ചു. സമൂഹത്തെ ആരോഗ്യമുള്ളതാക്കുന്നത് കർഷകരാണെന്നും അധ്വാനിക്കുന്ന കർഷകരെ കൈവിട്ടുകൊണ്ട് ഒന്നും നേടില്ലെന്നും അദ്ദേഹം പറഞ്ഞു.

എട്ടു ലക്ഷത്തോളം കർഷകർ ഒന്നിച്ചു പാർക്കുന്ന ഇടമാണ് പാലാ രൂപതാ പ്രദേശം. കൃഷിയിൽനിന്നു മാറിനിൽക്കുന്ന ഒരു കർഷകനും ഇവിടെ ഉണ്ടാവരുത്. ഒറ്റപ്പെട്ടു നിൽക്കാതെ കർഷകരെ കോർത്തിണക്കി അവർക്കു പ്രത്യാശ നൽകാൻ ഈ സ്ഥാപനംവഴി കഴിയും. കർഷകരുടെ ഉത്പന്നങ്ങൾക്കു ന്യായവില നേടിക്കൊടുക്കാനും തൊഴിലവസരങ്ങൾ സൃഷ്ടിക്കാനും യുവജനങ്ങളെ കൃഷിയിലേക്കും അനുബന്ധസ്റ്റാർട്ടപ്പുകളുലേക്കും ആകർഷിക്കാനും ലക്ഷ്യമിടുന്ന വലിയൊരു സംരംഭവും പ്രത്യാശയുടെ കേന്ദ്രവുമാണിത്. ഓരോ കർഷകനും കൃഷിയുടെ ഡിഎൻഎ കൊണ്ടു നടക്കണം. വിവിധ മേഖലകളിലുള്ളവരും നല്ല കൃഷിക്കാരായി മാറണമെന്നും ബിഷപ് പറഞ്ഞു.

സമ്മേളനത്തിൽ രൂപതയുടെ പ്ലാറ്റിനം ജൂബിലി ഓർമപ്പെടുത്തിക്കൊണ്ട് 75 മാതൃകാകർഷകരെ ആദരിച്ചു.

എം. പിമാരായ ജോസ് കെ മാണി, കെ.ഫ്രാൻസിസ് ജോർജ്, എംഎൽഎമാരായ മാണി സി കാപ്പൻ, മോൻസ് ജോസഫ്, സെബാസ്റ്റ്യൻ കുളത്തുങ്കൽ, മുനിസിപ്പൽ ചെയർമാൻ തോമസ് പീറ്റർ, വികാരി ജനറാൾ മോൺ. സെബാസ്റ്റ്യൻ വേത്താനത്ത്,, പിഎസ്ഡബ്ല്യുഎസ് ഡയറക്ടർ ഫാ. തോമസ് കിഴക്കേൽ, സ്മോൾ ഫാർമേഴ്സ് അഗ്രി ബിസിനസ് കൺസോർഷ്യം മാനേജിങ് ഡയറക്ടർ എസ്. രാജേഷ് കുമാർ, സ്റ്റേറ്റ് ഹോർട്ടിക്കൾച്ചർ മിഷൻ മാനേജിങ് ഡയറക്ടർ സജി ജോൺ, നബാർഡ് ജില്ലാ മാനേജർ റെജി വർഗീസ്, പ്രിൻസിപ്പൽ കൃഷി ഓഫീസർ ജോ ജോസ് സി, വ്യവസായവകുപ്പ് ജില്ലാ ജനറൽ മാനേജർ വി.ആർ. രാജേഷ്, സ്റ്റേറ്റ് ഹോർട്ടിക്കൾച്ചർ മിഷൻ ഡപ്യൂട്ടി ഡയറക്ടർ ലെൻസി തോമസ്, കൃഷിവിജ്ഞാനകേന്ദ്രം പ്രോഗ്രാം കോർഡിനേറ്റർ ഡോ. ജി. ജയലക്ഷ്മി, കാഞ്ഞിരമറ്റം അഗ്രോ പ്രൊഡ്യൂസർ കമ്പനി ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ ടോം ജേക്കബ് ആലയ്ക്കൽ, സാൻതോം ഫാർമർ പ്രൊഡ്യൂസർ കമ്പനി ചെയർമാൻ സിബി മാത്യു, പി.ആർ.ഒ ഡാന്റീസ് കൂനാനിക്കൽ തുടങ്ങിയവർ പ്രസംഗിച്ചു.

രൂപതയുടെ സോഷ്യൽ സർവീസ് വിഭാഗമായ പി.എസ്.ഡബ്ല്യു.എസിന്റെ നേതൃത്വത്തിൽ വിവിധ ഇടവകകളിൽ കർഷകക്കൂട്ടായ്മകൾ നടത്തിവരുന്ന മൂല്യവർധിതോത്പന്ന സംരംഭങ്ങൾക്കു ശക്തി പകരുന്നതാണ് പുതിയ മുന്നേറ്റം.




**ജൂലൈ 27**
**കൈത്താക്കാലം**
**ഒന്നാം ഞായർ**

1 രാജാ. 18:30 – 39
ശ്ലീഹ. 5:12 – 20
1 കോറി. 1:9 – 16
ലൂക്കാ. 14:7 – 14



# മിശിഹായിൽ ഐക്യമുള്ളവരാകുക



ഫാ. ഡോ. സെബാസ്റ്റ്യൻ കുറ്റിയാനിക്കൽ

**പ**രിശുദ്ധാരൂപിയുടെ ആഗമനത്താലുള്ള സഭയുടെ ആരംഭവും ശ്ലീഹന്മാരുടെ സുവിശേഷപ്രഘോഷണവും അനുസ്മരിച്ച ശ്ലീഹാക്കാലത്തിനുശേഷം സഭയുടെ വളർച്ചയെയും ഫലംനല്കലിനെയും അനുസ്മരിക്കുന്ന കൈത്താക്കാലത്തേക്ക് ആരാധനാസമൂഹം പ്രവേശിക്കുകയാണ്. 'കൈത്താ' എന്ന സുറിയാനിവാക്കിനർഥം വേനൽ എന്നാണ്. സാധാരണമായി വേനൽക്കാലത്താണല്ലോ വൃക്ഷങ്ങൾ ധാരാളമായി ഫലം ചൂടുന്നത്. ശ്ലീഹന്മാരുടെ പ്രവർത്തനത്തിലൂടെ വളർന്നുപന്തലിച്ച സഭ വിശുദ്ധിയുടെയും വിശ്വാസസാക്ഷ്യത്തിന്റെയും ഫലം നല്കിയതിനെ അനുസ്മരിക്കുന്നതാണ് കൈത്താക്കാലം.

മിശിഹായുടെ പന്ത്രണ്ടു ശ്ലീഹന്മാരുടെ ഓർമ്മത്തിരുനാൾ ആചരിച്ചുകൊണ്ടാണ് കൈത്താക്കാലം ആരംഭിക്കുന്നത്. നൂസർ ദ് ഏൽ – ദൈവത്തിന്റെ തിരുനാൾ എന്നും ഇതിനു പേരുണ്ട്. ശ്ലീഹന്മാരുടെയും പ്രേഷിതരുടെയും പ്രവർത്തനഫലമായി ലോകത്തിന്റെ വിവിധഭാഗങ്ങളിൽ സഭാസമൂഹങ്ങൾ വളർന്നുവന്നതിനെയും രക്തസാക്ഷിത്വത്തിന്റെയും വിശുദ്ധിയുടെയും ഫലം ചൂടുന്നതിനെയുമാണ് ഈ കാലം ഓർമിപ്പിക്കുന്നത്. ധീരരായ രക്തസാക്ഷികളെയും വിശുദ്ധരെയും ഈ ആരാധനക്രമകാലത്തെ വെള്ളിയാഴ്ചകളിൽ പ്രത്യേകം അനുസ്മരിക്കുന്നു. നമ്മുടെ വിശ്വാസജീവിതത്തിന്റെ വളർച്ചയെയും ഫലങ്ങളെയുംകുറിച്ചു ധ്യാനിക്കാനുള്ള അവസരമാണിത്. ഓരോ വിശ്വാസിയും തനിക്കു ലഭിച്ച വിശ്വാസം ജീവിക്കുന്നതും അതു തലമുറകളിലേക്കു കൈമാറിക്കൊടുക്കുന്നതും സഭയുടെ വളർച്ചയുടെ അടയാളവും വിശ്വാസജിവിതത്തിന്റെ ഫലവുമാണ്.

സാധാരണമായി കുർബാനയിലെ ഒന്നാമത്തെ പ്രഘോഷണം തോറായിൽനിന്നുമുള്ളതാണ്. എന്നാൽ, ഇന്ന് ഒന്നാമത്തെ പ്രഘോഷണം രാജാക്കന്മാരുടെ പുസ്തകത്തിൽനിന്നുമുള്ളതാണ്. വിശുദ്ധ ബൈബിളിലെ ആദ്യ അഞ്ചു പുസ്തകങ്ങളായ പഞ്ചഗ്രന്ഥത്തിന്റെ (തോറാ/നിയമഗ്രന്ഥം) പ്രധാന ഉള്ളടക്കം ഇസ്രയേൽജനത ദൈവത്തിന്റെ ഹിതമനുസരിച്ച് എപ്രകാരം ജീവിക്കണം എന്നതാണ്. തുടർന്നുവരുന്ന ജോഷ്വാ മുതൽ മക്കബായർ വരെയുള്ള പുസ്തകങ്ങളിൽ തോറായനുസരിച്ച് (ദൈവത്തിന്റെ ഹിതമനുസരിച്ച്) ജനം എപ്രകാരം ജീവിച്ചു അല്ലെങ്കിൽ എപ്രകാരമാണ് അവർ തോറായിൽനിന്ന് അകന്നുപോയത് എന്നതിന്റെ വിവരണമാണ്. ജനം തോറായിൽനിന്നകന്നുപോകുമ്പോൾ തോറാ വ്യാഖ്യാനിച്ചു നല്കുന്നതിനും തോറായനുസരിച്ചുള്ള ജീവിതത്തിലേക്കു ജനത്തെ തിരിച്ചുകൊണ്ടുവരുന്നതിനും ദൈവത്താൽ വിളിക്കപ്പെട്ടവരായിരുന്നു പ്രവാചകന്മാർ.

രാജാക്കന്മാരുടെ പുസ്തകത്തിൽനിന്നുള്ള വായനയിൽ വിശ്വാസതീക്ഷ്ണതയിൽ ജ്വലിക്കുന്ന ഏലിയാപ്രവാചകനെയാണു കാണുന്നത്. സത്യദൈവത്തിലുള്ള വിശ്വാസം കാത്തുസൂക്ഷിക്കുന്നതിനുവേണ്ടി അധ്വാനിക്കുന്ന ഏലിയാപ്രവാചകന്റെ ബലിയർപ്പണത്തിലൂടെ വിഗ്രഹാരാധനയിലേക്കു വീണുപോയിരുന്ന ഇസ്രയേൽജനത്തെ വിശ്വാസത്തിലേക്കു കൂട്ടിക്കൊണ്ടുവരുകയാണ് (1 രാജാ. 18:37). പ്രവാചകൻ പ്രാർഥിക്കുന്നത് അബ്രാഹത്തിന്റെയും ഇസഹാക്കിന്റെയും ഇസ്രായേലിന്റെയും ദൈവമേ (18:36) എന്നുവിളിച്ചാണ്. അതായത്, തോറായിലൂടെ വെളിപ്പെടുത്തപ്പെട്ട ദൈവത്തെ (പുറ 3:15) വിളിച്ചപേക്ഷിക്കുന്നു. പ്രവാചകൻ ബലിപീഠം പണിതത് ഇസ്രയേൽഗോത്രങ്ങളെ പ്രതിനിധാനം ചെയ്യുന്ന പന്ത്രണ്ട് കല്ലുകൾകൊണ്ടാണ്. പന്ത്രണ്ട് അപ്പസ്തോലന്മാരുടെ പ്രവർത്തനഫലമായി വളർന്ന സഭയുടെ ഫലാഗമനകാലമായ കൈത്താക്കാലവും ആരംഭിക്കുന്നത് പന്ത്രണ്ട് അപ്പസ്തോലന്മാരുടെ തിരുനാൾ ആചരിച്ചുകൊണ്ടാണ്.

ഏലിയാപ്രവാചകന്റെ വിശ്വാസതീക്ഷ്ണതയ്ക്ക് ഉന്നതങ്ങളിൽനിന്നുള്ള ഉത്തരമെന്നവിധം ആകാശത്തുനിന്ന് അഗ്നിയിറങ്ങി ബലിവസ്തു സ്വീകരിച്ചതുപോലെ ശ്ലീഹന്മാരുടെ പ്രവർത്തനങ്ങൾക്ക് അദ്ഭുതങ്ങളിലൂടെയും അടയാളങ്ങളിലൂടെയും സാക്ഷ്യം നല്കപ്പെടുന്നതും മിശിഹായിൽ വിശ്വസിക്കുന്നവരുടെ എണ്ണം വർദ്ധിക്കുന്നതുമാണ് ശ്ലീഹന്മാരുടെ പ്രവർത്തനങ്ങളിൽനിന്നുമുള്ള വായനയിൽ ശ്രവിക്കുന്നത്. അപ്പസ്തോലന്മാർ പ്രസംഗിച്ചിരുന്ന നവജീവന്റെ വചനം (5:20) സ്വീകരിക്കുന്നവർ ഏകമനസ്സോടെ ദൈവാലയത്തിൽ ഒന്നിച്ചുകൂടിയിരുന്നു (5:12).

സഭയ്ക്കുണ്ടായിരിക്കേണ്ട പ്രധാനഫലമായി പൗലോസ് ശ്ലീഹാ കോറിന്തോസിലെ സഭയെ ഓർമിപ്പിക്കുന്നത് 'മനസ്സിലും ചിന്തയിലും ഐക്യമുള്ളവരായിരിക്കുക' എന്നതാണ് (1 കോറി 1:10). കോറിന്തോസിലെ സഭയിൽ കലഹങ്ങളും ഭിന്നതകളും നിലനിന്നിരുന്നപ്പോൾ കർത്താവിന്റെ നാമത്തിൽ പൗലോസ്ശ്ലീഹായുടെ അപേക്ഷ അവയെല്ലാം ഉപേക്ഷിച്ച് ഐക്യമുള്ളവരായി മാറുവാനാണ്. പലവിധകാരണങ്ങൾ പറഞ്ഞ് കലഹങ്ങളും ഭിന്നതകളും സൃഷ്ടിക്കുന്ന ഓരോ സഭാസമൂഹങ്ങളോടും കർത്താവിന്റെ നാമത്തിൽ ശ്ലീഹാ ആവർത്തിക്കുന്നു: ഐക്യമുള്ളവരായിരിക്കുവിൻ; മിശിഹാ വിഭജിക്കപ്പെടാതിരിക്കട്ടെ.

ഇന്നത്തെ സുവിശേഷം പറഞ്ഞുതരുന്നത് സഭാസമൂഹം കൂട്ടായ്മയിൽ വളരുന്നതിന് അത്യാവശ്യമായ രണ്ടു കാര്യങ്ങളാണ്: ഒരു സാബത്തുവിരുന്നിന്റെ പശ്ചാത്തലത്തിലാണ് ഈശോ ഇതു പഠിപ്പിക്കുന്നത്. ആദ്യം ഈശോ പറയുന്നത് എളിമയുള്ളവരായിരിക്കുക എന്നതാണ്. ഓരോരുത്തനും അപരനെ തങ്ങളെക്കാൾ ബഹുമാന്യരായി കരുതുക. മറ്റുള്ളവരോടുള്ള ഈ കരുതൽ സമൂഹത്തെ കൂട്ടായ്മയിൽ നിലനിർത്തും. രണ്ടാമതായി ഈശോ പഠിപ്പിക്കുന്നത് പ്രതിഫലം പ്രതീക്ഷിക്കാതെ നന്മ ചെയ്യുക എന്നതാണ്. നിനക്കൊന്നും തിരിച്ചുനല്കാൻപറ്റാത്തവരെ നിന്റെ മനസ്സിൽ ഒന്നാമത് നിർത്തണം എന്ന പാഠം എത്രയോ മനോഹരം. വിരുന്നുവീട്ടിലെ തിരക്കിനിടയിലും അവിടുത്തെ മനസ്സ് ആദ്യം പതിച്ചത് കൈ ശോഷിച്ചവനിലാണ് (14:1). ഈ വചനങ്ങൾ ധ്യാനിക്കുമ്പോൾ നമുക്കു ബോധ്യമാകുന്നു–നമ്മളാകുന്ന സഭ ഇനിയും വളരേണ്ടിയിരിക്കുന്നു, ഫലം നല്കേണ്ടിയിരിക്കുന്നു. നാം ആയിരിക്കുന്ന സഭാസമൂഹം കൂട്ടായ്മയും ഐക്യവും എളിമയും കരുതലും കരുണയും നിറഞ്ഞ ഒന്നാകുവാൻ നമുക്കു പ്രാർഥിക്കാം; പ്രവർത്തിക്കാം.

പാലാ രൂപത പ്ലാറ്റിനം ജൂബിലിക്ക് പ്രാർത്ഥനാനിർഭരമായ ആശംസകൾ

Rev. Fr. Vicar, Asst. Vicar & Parishioners

XII APOSTLE'S CHURCH

CHEMMALAMATTOM



# സമർപ്പിതജീവിതത്തിന്റെ സാകല്യം

3-ാം പേജ് തുടർച്ച

ലോകം സമ്മാനിക്കുന്ന വിലകുറഞ്ഞ സന്തോഷങ്ങളെക്കാൾ അവളുടെ ഹൃദയത്തെ കീഴടക്കിയത് ക്രൂശിതനായ ക്രിസ്തുനാഥനോടുള്ള, അവിടുത്തെ അനുഗമിക്കാനുള്ള അന്തർദാഹമായിരുന്നു.

അവളുടെ ഹൃദയം സ്രഷ്ടാവായ ദൈവത്തിൽ ആനന്ദം കൊണ്ടു. സന്ന്യാസജീവിതപ്രവേശനത്തിന് തന്റെ ശാരീരിക സൗന്ദര്യം പ്രതിബന്ധമാണെന്നു മനസ്സിലായതിൽപ്പിന്നെയാണ് അവൾ 'അഗ്നിശുദ്ധി'ക്ക് തന്റെ ശരീരത്തെ സജ്ജമാക്കിയത്. ഭൗതികതയുടെ നശ്വരതയെക്കുറിച്ചുള്ള അവബോധം ചെറുപ്രായത്തിൽത്തന്നെ അവൾക്കുണ്ടായിരുന്നു. ഒരുപക്ഷേ, അത് അവൾക്കായുള്ള വിശേഷപ്രസാദവരമായിരുന്നിരിക്കാം.

“...സ്നേഹിക്കപ്പെടാനും വിലമതിക്കപ്പെടാനുമുള്ള എന്റെ ആശയിൽനിന്ന് എന്നെ വിമുക്തയാക്കണമേ. ഒരു പരമാണുവും അങ്ങേ ദിവ്യാഗ്നിജ്വാലയിലെ ഒരു പൊരിയും ആകുന്നതുവരെ എന്നെ എളിമപ്പെടുത്തണമേ. സൃഷ്ടികളെയും എന്നെത്തന്നെയും മറന്നുകളയുന്നതിനുള്ള അനുഗ്രഹം എനിക്കു തരണമേ.”

അൽഫോൻസാമ്മയുടെ പ്രാർഥനാമഞ്ജരിയിൽനിന്ന് അടർത്തിയെടുത്ത ഒരു സൂക്തമാണ് മേൽചേർത്തിട്ടുള്ളത്. ദൈവംതമ്പുരാന്റെ സ്നേഹാഗ്നിജ്വാലയിലെ ഒരു പൊരിയാകണമെന്നായിരുന്നു അവൾ എന്നും ആഗ്രഹിച്ചിരുന്നത്. അങ്ങനെയാവണമെങ്കിൽ 'അണുവിലുമണുവായ്'ത്തീരണം സ്വയം, എന്ന ദൃഢനിശ്ചയമെടുത്തവളായിരുന്നു അൽഫോൻസാമ്മ. സാധാരണമായി ഒരു മനുഷ്യവ്യക്തി ആഗ്രഹിക്കുന്ന പരിഗണനയും അംഗീകാരവുമൊന്നും ഒരിക്കലും ആഗ്രഹിക്കാത്തവൾ. ഏറെക്കാലം രോഗശയ്യയിൽക്കിടന്ന്, വേദനയുടെ പാരമ്യത്തിൽ പിടഞ്ഞിട്ട് വെറും മുപ്പത്താറാംവയസ്സിൽ ലോകംവിട്ടു യാത്രയായവൾ. ഈ ലോകത്തിൽ ആരാലും താൻ അറിയപ്പെടരുതെന്ന ഉൾ



പ്രേരണയാൽ, തന്റെ ഡയറിക്കുറിപ്പുകളെല്ലാം നശിപ്പിച്ചുകളയാൻ സന്നദ്ധയായവൾ. അനിതരസാധാരണമായിരുന്നു അൽഫോൻസാമ്മയുടെ എളിമ. ഈ ലോകത്തിൽ താൻ ആരുമല്ല, ഒന്നുമല്ല എന്നു വിശ്വസിക്കാൻ കഴിയുമാറ് സ്വയം നിസ്സാരവത്കരിച്ചവൾ. ബാഹ്യമായവയെക്കുറിച്ചോ തന്നെക്കുറിച്ചുതന്നെയോ അവബോധം ഇല്ലാതാവുകയും അന്തഃസത്തയെന്ന പരമശക്തിയുമായി ഗാഢമായ ബന്ധത്തിലാവുകയും ചെയ്യുമ്പോൾ മാനസികമായ ശാന്തിയും സ്വസ്ഥതയും കൈവരിക്കാനാകുമെന്ന് അനുഭവത്തിലൂടെ അറിഞ്ഞവൾ.

എപ്പോഴും പ്രസന്നവതിയായിരുന്നു അൽഫോൻസാമ്മ. ഇത്രയേറെ ശാരീരികവേദനകൾ സഹിക്കുന്ന വേളയിലും ഇത്രയേറെ പ്രസന്നവതിയാകാൻ അൽഫോൻസാമ്മയ്ക്ക് എങ്ങനെ കഴിയുന്നുവെന്ന് അവളുടെ മേലധികാരികളും സഹസന്ന്യാസിനികളും പലപ്പോഴും അദ്ഭുതപ്പെട്ടിരുന്നു. ആ പ്രസന്നഭാവം ദൈവാനുഭൂതിയുടെ അടയാളമായിരുന്നുവെന്നതാണു പരമാർഥം.

ഇത്രയേറെ ദൈവസ്നേഹാനുഭൂതിയിലൂടെ കടന്നുപോയിരുന്ന അൽഫോൻസാമ്മയ്ക്ക് ഒട്ടേറെ കൃപാവരങ്ങൾ ദൈവം കനിഞ്ഞുനൽകിയിരുന്നുവെന്നുവേണം വിശ്വസിക്കാൻ. മറ്റുള്ളവരുടെ ഹൃദയവിചാരങ്ങൾ മനസ്സിലാക്കാൻ അനിതരസാധാരണമായ കഴിവ് അവൾക്കുണ്ടായിരുന്നു; ശരിക്കും പരഹൃദയജ്ഞാനം തന്നെ. മറ്റുള്ളവരുടെ ആവശ്യങ്ങളും അവസ്ഥകളും സ്നേഹാരൂപിയുടെ ഉൾക്കണ്ണോടും ഉൾക്കാതോടുംകൂടി കണ്ടും കേട്ടും അറിഞ്ഞ് അവർക്കുവേണ്ട സഹായങ്ങൾ ചെയ്യാൻ അൽഫോൻസാമ്മ സദാ സന്നദ്ധയായിരുന്നു. സ്വാർഥതാവിമുക്തമായ മനസ്സുള്ളവർക്കുമാത്രം സാധ്യമാകുന്ന കാര്യം. അവനവനെപ്പറ്റി ചിന്തിക്കാതെ, തന്റെ സമസൃഷ്ടങ്ങളെക്കുറിച്ചു കരുതലുള്ളവളായി പ്രവർത്തിക്കാൻ അവൾക്കു കഴിഞ്ഞിരുന്നതിന്റെ പിന്നിലെ രഹസ്യമതാണ്.

►17











കഥ

ജോർജ് നെയ്യശ്ശേരി

# തേൻവരിക്ക

"സാറ് അറിഞ്ഞോ അപ്പുറത്തെ വീടുവാങ്ങിയ ടീച്ചർ താമസത്തിനുവന്നത്."

ഡൈനിംഗ് ടേബിളിലേക്ക് പ്രഭാതഭക്ഷണം എടുത്തുവച്ചുകൊണ്ട് ജോലിക്കാരി സരള ആരാഞ്ഞു. അതൃപ്തിയോടെ സേവ്യർ സരളയെ നോക്കി "അറിഞ്ഞോ, അറിഞ്ഞു. ഇന്നലെ അവർ വൈകുന്നേരം പരിചയപ്പെടാൻ വന്നിരുന്നു. അവരു പരിചയപ്പെടാൻ വന്നതൊന്നുമല്ല. നമ്മുടെ തേൻ വരിക്കപ്ലാവിന്റെ ഒരു ശിഖരം അവരുടെ മുറ്റത്തേക്കു ചാഞ്ഞാണല്ലോ കിടക്കുന്നത്. അതിലെ ചക്ക പഴുത്തു ചാടി മുറ്റം വൃത്തികേടായി കിടക്കുന്നപോലും. അതുകൊണ്ട് ശിഖരം വെട്ടി മാറ്റണമെന്നു പറയാനാ വന്നത്. ഇപ്രാവശ്യം ഉണ്ടായ ചക്കയുടെ ഭൂരിഭാഗവും ആ ശിഖരത്തിലാ ഉണ്ടായത്. നമ്മുടെ തോട്ടിയാണെങ്കിൽ അവിടെ എത്തുകയുമില്ല."

"എനിക്കാ സ്ത്രീയുടെ ഭാവമൊന്നും പിടിച്ചില്ല. വല്യ സുന്ദരിയാണെന്ന ഭാവം. പെൻഷൻ പറ്റിയിട്ട് അഞ്ചെട്ടു വർഷമായെന്നാ പറഞ്ഞത്. എന്നിട്ടും താൻപോരിയമയ്ക്കൊരു കുറവുമില്ല."

സേവ്യർസാറിന്റെ സംഭാഷണവും ഭാവവും കണ്ട് സരള ചെറുതായി ചിരിച്ചു.

"നീയെന്താ ചിരിക്കണത്. ഞാൻ ഉള്ള കാര്യം പറഞ്ഞതാ എന്റെ ദേഷ്യം ഞാനാ പ്ലാവിനോടു തീർത്തു. ഇരുപതിനായിരം രൂപയ്ക്ക് ഞാൻ പ്ലാവ് പരീതിനു വിറ്റു. ഈ ആഴ്ചയിൽത്തന്നെ വെട്ടികൊണ്ടുപൊയ്ക്കോളാം എന്നാ പരീതു പറഞ്ഞത്."

ഒരു ദുരന്തവാർത്ത കേട്ടപോലെ സരള സ്തംബ്ധയായി.

"എന്നാലും ചുവടെ വെട്ടണ്ടായിരുന്നു സാറേ. അവരുടെ അങ്ങോട്ടുള്ള കമ്പ് മുറിച്ചുമാറ്റി കൊടുത്തിരുന്നെങ്കിൽ മതിയായിരുന്നു."

"നീ എന്തറിഞ്ഞിട്ടാ ഈ പറയുന്നത് പ്ലാവിൽക്കയറി അങ്ങോട്ടുള്ള ശിഖരം മുറിച്ചുമാറ്റുന്നതിന് തടിവെട്ടുകാർ ഒരു മൂവായിരം രൂപയെങ്കിലും മേടിക്കും. കഴിഞ്ഞവർഷം നമ്മുടെ മൂവാണ്ടൻ മാവിന്റെ രണ്ടുശിഖരം പുരയുടെ മോളിലോട്ടു കിടന്നത് വെട്ടി മാറ്റിയതിനു രൂപ നാലായിരമായി! ശികരം മുറിക്കുന്നതിലും ഭേദം അതു വിറ്റുപൈസ മേടിക്കുന്നതാ നല്ലതെന്ന് എനിക്കുതോന്നി. ആ പ്ലാവിന് അത്രയേ ആയുസുള്ളൂ എന്നു കരുതിയാൽ മതി."

അയാൾ പ്രഭാതഭക്ഷണം കഴിഞ്ഞു എഴുന്നേറ്റു. "എന്തു നല്ല രുചിയുള്ള ചക്കയെന്നു പറഞ്ഞാൽ ഇതാണെന്നു തിന്നവരെല്ലാം പറഞ്ഞിട്ടുണ്ട്. ടീച്ചറുണ്ടായിരുന്നപ്പോ ഇറക്കിച്ച് അയൽക്കാർക്കും സ്വന്തക്കാർക്കുമെല്ലാം കൊടുക്കുമായിരുന്നു. എത്ര ദിവസം ഞാൻ കൊണ്ടുപോയി എന്റെ വീട്ടിലെ വിശപ്പുമാറ്റിയിരിക്കുന്നു." സരളയുടെ വാക്കുകളിൽ ഗദ്ഗദം പുരണ്ടു. "നീ പറയുന്നതു ശരിയാ. എനിക്കു ഇഷ്ടമുണ്ടായിട്ടല്ല. "നീ പറയുന്നതു ശരിയാ. എനിക്കും ഇഷ്ടമുണ്ടായിട്ടല്ല. അയൽവക്കത്തു താമസിക്കാൻ വരുന്നവർ സ്വന്തം സുഖം മാത്രം നോക്കുന്നവരായാൽ ഇങ്ങനെയൊക്കെ സംഭവിക്കും. നമ്മുടെ തൊടിയിലെ വൃക്ഷങ്ങളൊന്നും അയൽപ്പറമ്പുകളിലേക്ക് ശാഖ വിരിക്കാത്തത്ര അകലം പാലിച്ചാ ഞാൻ തൈകൾ കുഴിച്ചുവച്ചത്. പക്ഷേ, ചിലത് സൂര്യപ്രകാശം കൂടുതൽ കിട്ടുന്നിടത്തേക്ക് തല നീട്ടുന്നതിന് എന്തു ചെയ്യാൻ പറ്റും."





അടുക്കള ജോലികൾ ചെയ്യുമ്പോൾ സരളയ്ക്കൊരു ഉന്മേഷവും അനുഭവപ്പെട്ടില്ല. പണികളൊതുക്കി അവർ പിന്നാമ്പുറത്തെ കുത്തുകല്ലുകളിറങ്ങി അയൽവീടിന്റെ പിന്നിലെത്തി മുരടനക്കി ടീച്ചറേ എന്നു വിളിച്ചു.

അടുക്കളവാതിൽ തുറന്ന് ഇറങ്ങി വരുന്ന സാരി ധരിച്ച സ്ത്രീരത്നത്തെക്കണ്ട് സരള അമ്പരന്നു. സേവ്യർ സാറിന്റെ ഭാര്യയായിരുന്നു ഡെയ്സി ടീച്ചറുടെ അതേരൂപവും ഭാവവും.

നിറഞ്ഞ ചിരിയോടെ ആ സ്ത്രീ സരളയെ സ്വാഗതം ചെയ്തു. ഹ്രസ്വമായ പരിചയപ്പെടലിനുശേഷം സൗമിനി നിർബന്ധിച്ചു കൈപിടിച്ച് സരളയെ അകത്തേക്കു ക്ഷണിച്ചു.

ഒരു പ്ലേറ്റിൽ പൂളി വച്ചിരുന്ന മാമ്പഴമെടുത്ത് സൗമിനി സരളയ്ക്കു നൽകി.

"ഇത്ര നല്ല ടീച്ചറേക്കുറിച്ചാണോ സാർ അനിഷ്ടമായി സംസാരിച്ചത്!" സരള ആത്മഗതത്തിലായി.

"സരള എന്താ ആലോചിക്കുന്നത്." അവർ ചോദിച്ചു.

"ടീച്ചർ പ്ലാവിന്റെ കമ്പ് മുറിക്കാൻ പറഞ്ഞതുകൊണ്ട് സാർ ആ പ്ലാവു കച്ചവടക്കാർക്കു വിറ്റു. ഈ നാട്ടിൽ എല്ലാവരും അതിന്റെ രുചി അറിഞ്ഞിട്ടുണ്ട്. നല്ല തേൻവരിക്കചക്കയാ അതിന്റെ... ഡെയ്സി ടീച്ചറുടെ അപ്പച്ചൻ കൊണ്ടുവന്നു കഴിച്ചിട്ടാ പ്ലാവിൻ തൈയാ അത്, ക്യാൻസർ വന്നാ ഡെയ്സി ടീച്ചർ മരിച്ചത്.

ഒരു ആഹാരത്തോടും താത്പര്യം ഇല്ലാത്ത സമയത്തും ടീച്ചർ അതിന്റെ പഴം രുചിക്കുമായിരുന്നു."

സരള പുറംകൈകൊണ്ട് കണ്ണുതുടച്ചു.

"അതൊക്കെ പോട്ടെ. ടീച്ചർ ഒറ്റയ്ക്കാണോ. ഭർത്താവും മക്കളും." അവൾ ചോദിച്ചു.

ടീച്ചർ മറുപടി പറയാതെ എന്തോ ആലോചിച്ചു തല കുമ്പിട്ടിരുന്നു.

"ഞാൻ ചോദിച്ചതു ടീച്ചർ കേട്ടില്ലേ. ഞാൻ ടീച്ചറിനെ വിഷമിപ്പിച്ചോ."

"ഏയ്. അങ്ങനെയൊന്നുമില്ല. എന്റെ ഭർത്താവ് ഒരു ആക്സിഡന്റിൽ മരിച്ചു. എനിക്കൊരു മോളാ. അവൾ ഭർത്താവുമൊത്ത് യു.എസിലാ. ഒത്തിരി വണ്ടി ഓട്ടമൊന്നും ഇല്ലാത്ത വഴിയരികിൽ ഒരു വീട്ടിൽ ശാന്തതയോടെ താമസിക്കാനുള്ള ആഗ്രഹം കൊണ്ടാ ഞാനീ വീടു വാങ്ങിയത്. വീടിന്റെ വീഡിയോ കണ്ടപ്പോൾ മോൾക്കും ഇഷ്ടമായി.

സൗമിനി മനസ്സു തുറന്നു.

"ഇവിടെ താമസിക്കാൻ ഒന്നും പേടിക്കണ്ട ടീച്ചറെ. ഒരു അലമ്പും ഇല്ലാത്ത ആൾക്കാരാ ഇവിടെയുള്ളത്. എല്ലാവരും നല്ല പരസ്പരസഹായമനോഭാവം ഉള്ളവരാ. പിന്നെ പഴയതുപോലെ മനോഭാവം ഉള്ളവരാ. പിന്നെ പഴയതുപോലെ വീടുകളിൽ ആൾക്കാർ കുറവാണെന്നു മാത്രം. മിക്കവരുടെയും മക്കൾ വെളിയിലാ. സാറിന്റെ രണ്ടുമക്കളും മരുമക്കളും കാനഡയിലാ. സാറിനോട് അങ്ങോട്ടു ചെല്ലാം പറഞ്ഞു. മക്കൾ നിർബന്ധിക്കാറുണ്ട്. പക്ഷേ, സാറിനോട് അങ്ങോട്ടു ചെല്ലാൻ പറഞ്ഞു മക്കൾ നിർബന്ധിക്കാറുണ്ട്.

പക്ഷേ, സാറിന് നാടാ ഇഷ്ടം. എപ്പോഴും എന്തെങ്കിലും വായിച്ചും എഴുതിയും ഇരിക്കും. സാറ് ബാങ്കുമാനേജരും എഴുത്തുകാരനുമായിരുന്നു. ഇപ്പോൾ അങ്ങനെ എഴുതാറില്ലെന്നു തോന്നുന്നു. ടീച്ചറുടെ മരണം സാറിനെ ആകെ മാറ്റി. സാറ് ആരോടും ദേഷ്യപ്പെടാറില്ലായിരുന്നു മുമ്പ്. ടീച്ചറുടെ മരണശേഷം ആരോടും അങ്ങനെ സ്നേഹത്തോടെ സംസാരിച്ചു കണ്ടിട്ടില്ല."

"ഞാൻ പോട്ടെ ടീച്ചർ. സാറിന് ഉച്ചയ്ക്ക് ഊണിനുള്ള സമയമായി."

സരള യാത്ര ചോദിച്ചപ്പോൾ സൗമിനി സമ്മതഭാവത്തിൽ തല ചലിപ്പിച്ചു.

സരള മടങ്ങിയതിനുശേഷവും ഊണു കഴിക്കുമ്പോഴും സൗമിനിയിൽ ഒരു അസ്വസ്ഥത നീറിപ്പുകഞ്ഞുകൊണ്ടിരുന്നു.

പുതിയ സ്ഥലത്ത് താമസം ആരംഭിച്ചതേ മനസ്സിൽ വിഷാദം വാസമുറപ്പിച്ചിരിക്കുന്നു. മുറ്റത്ത് ചക്കപ്പഴം വീണ് വൃത്തികേടായി കിടക്കുന്നതു കണ്ട് മുകളിലോട്ടു നോക്കിയപ്പോൾ അയൽവാസിയുടെ പ്ലാവിന്റെ ശിഖരം മുറ്റത്തേക്കു നീണ്ടു നിൽക്കുന്നതു കണ്ടു. അപ്പോൾ ഇത്തിരി ക്ഷോഭം ഉണ്ടായി എന്നതു നേരാ. അദ്ദേഹത്തോടു സംസാരിക്കുമ്പോൾ വാക്കുകൾക്കു മാർദ്ദവം നഷ്ടപ്പെട്ടിരിക്കും. എങ്കിലും തുടക്കത്തിലേ തനിക്കു ക്ഷമ പ്രകടിപ്പിക്കാമായിരുന്നു.

സൗമിനിയിൽ നിന്നൊരു നെടുവീർപ്പു പുറത്തേക്കു വന്നു.

വെയിൽ മങ്ങിയപ്പോൾ സൗമിനി വീടിന്റെ ഗേറ്റുചാരി പുറത്തേക്കിറങ്ങി. സേവ്യർ സാറിന്റെ വീടിന്റെ മെയിൻ ഗേറ്റിനോടുചേർന്നുള്ള ചെറു ഗേറ്റ് തുറന്ന് അവർ വീട്ടിലെത്തി കോളിങ് ബെല്ലിൽ വിരൽ അമർത്തി.

പ്രതീക്ഷിച്ച സമയത്തിലും വൈകിയാണ് കതകു തുറന്നതെങ്കിലും സൗമിനി സൗമ്യതയോടെ കാത്തുനിന്നു.

"എന്തുവേണം?"

എന്ന് കണ്ണുകൾകൊണ്ട് ചോദിച്ച സേവ്യർ സൗമിനിയുടെ മുഖത്തേക്ക് നോക്കി.

അയാളുടെ മുഖത്ത് യാതൊരു സൗമ്യതയും ഇല്ലെന്നും സൗമിനി കണ്ടു.

അനുവാദം ചോദിക്കാതെ തന്നെ സൗമിനി സിറ്റൗട്ടിലേക്കു കയറിനിന്നു.

"എന്റെ പ്ലാവ് മൂലം ഇനി നിങ്ങൾക്കൊരു ബുദ്ധിമുട്ടും ഉണ്ടാകില്ല. അതു ഞാനൊരു കച്ചവടക്കാരനു വിറ്റു. ഈ ആഴ്ച വെട്ടിക്കൊണ്ടുപോകും."

സൗമിനി സിറ്റൗട്ടിലെ കസേരയിൽ തളർന്നിരുന്നു. അവരിൽനിന്ന് ഒരു ദീർഘനിശ്വാസം പുറത്തേക്കു വന്നു. "പ്ലീസ് സാർ... ആ പ്ലാവു വെട്ടാനുള്ള തീരുമാനം പിൻവലിക്കണം. അയൽവക്കത്തു താമസിക്കാനായി വന്ന ഞാൻ സാറിനു ബുദ്ധിമുട്ടുണ്ടാകുന്ന ഒരു ആവശ്യവുമായി വരരുതായിരുന്നു. എന്റെ ഭാഗത്തുനിന്നും ഉണ്ടായ തെറ്റിനു ഞാൻ ക്ഷമ ചോദിക്കുന്നു.'

"ഏയ്. നിങ്ങളുടെ ഭാഗത്താണ് ന്യായമെന്ന് ആരും പറയും. എന്റെ പ്ലാവുമൂലം നിങ്ങൾക്കല്ലേ ബുദ്ധിമുട്ടുണ്ടായത്."

സേവ്യർ സൗമ്യതയോടെ പ്രതികരിച്ചു.

"ടീച്ചർ വരൂ... അകത്തേക്കിരിക്കാം."

അയാൾ സൗമിനിയെ ഡ്രോയിംഗ് റൂമിലേക്കു ക്ഷണിച്ചു.

സൗമിനി ക്ഷണം സ്വീകരിച്ച് സ്വീകരണമുറിയിൽ അയാൾക്ക് അഭിമുഖമായി ഇരുന്നു.

"കച്ചവടക്കാരൻ ലാഭത്തിനായാണല്ലോ തടി വാങ്ങിയത്. ആ പ്ലാവിൽനിന്നും അയാൾക്കു കിട്ടേണ്ട ലാഭം ഞാൻ കൊടുത്തോളാം. സാർ അതു വെട്ടിക്കരുത്. ഇത് എന്റെ അപേക്ഷയും ആഗ്രഹവുമാണ്.

സൗമിനി പറഞ്ഞപ്പോൾ ഡെയ്സി പറയുംപോലെ അയാൾക്കു തോന്നി.

"അതൊന്നും വേണ്ട. അയാൾക്കുള്ള ലാഭം ഞാൻ കൊടുത്തോളാം."

പ്ലാവും വെട്ടണ്ട എന്ന് അയാളോടു പറയാം."

സേവ്യർ പുഞ്ചിരിയോടെ പ്രതികരിച്ചു.

"ടീച്ചർ ഈ ചക്കപ്പഴം ഒന്നു കഴിച്ചു നോക്കിക്കേ..."

ഡൈനിംഗ് ടേബിളിലെ പ്ലേറ്റ് എടുത്ത് സേവ്യർ സൗമിനിക്കു നീട്ടി. പ്ലേറ്റുനിറയെ തേൻവരിക്കചക്കയുടെ ചുളകളായിരുന്നു. സൗമിനി പുഞ്ചിരിയോടെ കൈനീട്ടി.

■

# സഹനത്തിന്റെ പ്രണയിനി

4-ാം പേജ് തുടർച്ച

എല്ലാവരും ഈശോയുടെ തിരുഹൃദയത്തിൽ ആശ്വാസം കണ്ടെത്തണമെന്ന് അഭിലഷിച്ച അൽഫോൻസാമ്മ തന്റെ മഠാധിപയ്ക്കുണ്ടായ മാനസിക പീഡയെപ്പറ്റി അറിഞ്ഞപ്പോൾ ഇപ്രകാരം പറഞ്ഞുകൊണ്ട് ആ അമ്മയെ ആശ്വസിപ്പിച്ചു: “അമ്മേ, അഞ്ചുപ്രാവശ്യം കപ്പേളയിൽ ചെന്ന് അമ്മയുടെ മനോവ്യഥ ഈശോയുടെ തിരുഹൃദയത്തിൽ കാഴ്ചവച്ചുകൊണ്ട് അഞ്ചു ത്രിത്വസ്തുതി ചൊല്ലണം.'' അപ്രകാരം ചെയ്തപ്പോൾ മഠാധിപയുടെ ഹൃദയഭാരം നീങ്ങിയതായി സാധ്യപ്പെടുത്തിയിട്ടുണ്ട്.

തന്റെ ഹൃദയത്തിലെ നല്ല നിക്ഷേപത്തിൽനിന്ന് നന്മ പുറപ്പെടുവിച്ച അൽഫോൻസാമ്മ വെറും 36 വർഷംകൊണ്ട് സ്വർഗീയാരാമത്തിൽ വിടർന്നു പുഷ്പിച്ച് ഫലം ചൂടി. തന്റെ ജീവിതത്തിലേക്കു വിരുന്നു വന്ന ദുഃഖങ്ങളെയും സഹനങ്ങളെയും പരാതിയും പരിഭവവും കൂടാതെ, ദൈവകൃപകളായി അവൾ സ്വീകരിച്ചു. ദൈവതൃക്കരമാണ് തന്നിൽ പ്രവർത്തിക്കുന്നത് എന്ന ആഴമായ വിശ്വാസം അൽഫോൻസാമ്മയ്ക്കുണ്ടായിരുന്നു. വലിയ വിശ്വാസത്തോടെ ഈശോയുടെ വസ്ത്രത്തിന്റെ വിളുമ്പിൽ സ്പർശിച്ച രക്തസ്രാവക്കാരി അവിടുത്തെ കൃപാവരത്തിന്റെ ശക്തി തിരിച്ചറിഞ്ഞു. അൽഫോൻസാമ്മയും ഹൃദയംകൊണ്ട് ഈശോയെ സ്പർശിച്ചു. ആ സ്പർശനത്താൽ വിശ്വാസത്തിന്റെ വരദാനങ്ങൾ അവളിൽ വേരുറപ്പിക്കപ്പെട്ടു. അവളുടെ അചഞ്ചലമായ വിശ്വാസം സഹനങ്ങളുടെ നെരിപ്പോടിൽ കിടന്നു പിടയുമ്പോഴും ദൈവത്തെ പ്രസരിപ്പിക്കുവാൻ അവൾക്കു ശക്തി പകർന്നു. സഹനത്തിന്റെ ഏകാന്തനിമിഷങ്ങളിലും നിസ്സഹായയായി കട്ടിലിൽ കിടക്കേണ്ടി വന്നപ്പോഴുമെല്ലാം പരാതിയില്ലാതെ അൽഫോൻസാമ്മയ്ക്കു സഹിക്കാൻ കഴിഞ്ഞത് തന്റെ പുത്രന്റെ പീഡാസഹനവും കുരിശുമരണവും കൺമുന്നിൽ ദർശിച്ച് മൗനമായി എല്ലാം ഹൃദയത്തിൽ ഏറ്റുവാങ്ങി സഹിച്ച പരി. അമ്മയോടു ചേർന്ന് വിശ്വാസ തീർഥാടനം നടത്തിയതുകൊണ്ടാണ്.

വിശുദ്ധിയുടെ മുദ്രചാർത്തി അൽഫോൻസാമ്മയെ ദൈവം ലോകത്തിനു മാർഗദീപമായി നൽകി. ഈശോയുടെ സഹനമാതൃക സ്വന്തമാക്കിയ അൽഫോൻസാമ്മ സഹനങ്ങളെ സ്നേഹപുഷ്പങ്ങളാക്കി നാഥനു സമർപ്പിച്ചു. രോഗപീഡകളും അവഗണനയും പരിഹാസവും ഒറ്റപ്പെടുത്തലുകളുമെല്ലാം കൃപയുടെ സുന്ദരനിമിഷങ്ങളാക്കി മാറ്റി. അവയെ ഗാഢമായി പ്രേമിച്ച അൽഫോൻസാമ്മ ‘മിശിഹായിൽ വിശ്വസിക്കുന്നതു മാത്രമല്ല, മിശിഹായ്ക്കുവേണ്ടി സഹിക്കുന്നതും ദൈവകൃപയായികണ്ടു (ഫിലി.1:29). സെന്റ് പോളിന്റെ ആത്മീയത സ്വജീവിതത്തിലൂടെ പ്രകാശിതമാക്കി. ക്രൂശിതനിലേക്കു കണ്ണുകളുയർത്തി സഹനത്തിന്റെ അർഥം ഗ്രഹിച്ച അൽഫോൻസാമ്മ അവയെല്ലാം വിലയേറിയ മണിമുത്തുകളാക്കി സ്വർഗത്തിൽ സ്വർണകിരീടമൊരുക്കി. ജീവിതത്തിലുടനീളം തമ്പുരാന്റെ സഹനത്തിന്റെ കൈയൊപ്പു ചാർത്തപ്പെട്ട അവളുടെ ജീവിതം സഹനങ്ങളിൽനിന്ന് ഓടിയൊളിക്കാൻ ഇഷ്ടപ്പെടുന്ന ഇന്നത്തെ ലോകത്തിന് ഒരു വെല്ലുവിളിയാണ്. ക്രൂശിതന്റെ സഹനവഴികളെ ധ്യാനിച്ച്, സഹനത്തെ സ്നേഹംകൊണ്ടു കീഴടക്കിയ ധീരപോരാളിയാണ് അൽഫോൻസാമ്മ. സഹിക്കുക എന്നാൽ സ്നേഹിക്കുക എന്നും സ്നേഹിക്കുകയെന്നാൽ സഹിക്കുക എന്നും ലോകത്തെ പഠിപ്പിച്ച് സഹനത്തെ പ്രണയിച്ച വിശുദ്ധ അൽഫോൻസാമ്മയുടെ ജീവിതം നമുക്കെന്നും പ്രചോദനമാകട്ടെ. അൽഫോൻസാമ്മയോടു പ്രാർത്ഥിക്കുന്നവരോട് അവർക്കു പറയാനുള്ളത് ഇതാണ്: “ഞാൻ പ്രാർഥിച്ചാൽ കുരിശേ കിട്ടുകയുള്ളൂ. അതു സഹിക്കാൻ മനസ്സുണ്ടെങ്കിൽ മാത്രം എന്നോട് അപേക്ഷിക്കാൻ പറഞ്ഞാൽ മതി. കുരിശുതരുമ്പോൾ ആ കുരിശുകളെ യോഗ്യതാനുസരണം സഹിക്കാനുള്ള ശക്തികൂടി അവിടുന്നു തരാതിരിക്കുകയില്ല” (സ്നേഹബലി 67).

## പാലാ രൂപത പ്ലാറ്റിനം ജൂബിലി നിറവിൽ


പാലാ രൂപത പ്ലാറ്റിനം ജൂബിലിക്ക് പ്രാർത്ഥനാനിർഭരമായ ആശംസകൾ

Very Rev. Fr. Vicar, Asst. Vicars & Parishioners

RUHA d’ QUDSA FORANE CHURCH

MUTTUCHIRA



പാലാ രൂപത പ്ലാറ്റിനം ജൂബിലിക്ക് പ്രാർത്ഥനാനിർഭരമായ ആശംസകൾ

Very Rev. Fr. Vicar, Asst. Vicar & Parishioners

ST. GEORGE FORANE CHURCH

MOOLAMATTOM



പാലാ രൂപത പ്ലാറ്റിനം ജൂബിലിക്ക് പ്രാർത്ഥനാനിർഭരമായ ആശംസകൾ

Very Rev. Fr. Vicar, Asst. Vicar & Parishioners

Ss. PETER & PAUL FORANE CHURCH

ELANJI



(10-ാം പേജ് തുടർച്ച)

# ഗതകാലത്തിന്റെ ചരിത്രസുഗന്ധവുമായി പാലാ

പാലാ രൂപതയുടെ കഴിഞ്ഞ 75 വർഷത്തെ വളർച്ചയും വികാസവും പരിശോധിച്ചാൽ നമ്മുടെ ആത്മീയസമ്പത്തും അറിവിന്റെ വികാസവും ആരെയും അദ്ഭുതപ്പെടുത്താതിരിക്കില്ല. പാലായുടെ ആത്മസ്ഥിതിനിലവാരം പരിശോധിച്ചാൽ ആർക്കും അദ്ഭുതം തോന്നും. സമൃദ്ധമായ ദൈവവിളികളാൽ അന്നും ഇന്നും പാലാ സമ്പന്നമാണ്. സർവഭൂഖണ്ഡങ്ങളിലും പാലായിൽനിന്നുള്ള മിഷനറിസാന്നിധ്യമുണ്ട്. ഒരുപക്ഷേ കണക്കെടുത്താൽ ബിഷപ്പുമാരുടെ എണ്ണത്തിലും വൈദികരുടെയും സന്ന്യസ്തരുടെയും സംഖ്യയിലും വിശ്വാസികളുടെ ബലത്തിലും പാലാതന്നെയാവണം മുൻനിരയിൽ. നമ്മുടെ പള്ളികളെല്ലാംതന്നെ സാമ്പത്തികമായി സ്വയംപര്യാപ്തമാണെന്നാണ് വയ്പ്. വിശുദ്ധ അൽഫോൻസാമ്മയും വാഴ്ത്തപ്പെട്ട കുഞ്ഞച്ചനുമൊക്കെ നമ്മുടെ ആത്മീയസാക്ഷ്യത്തിന്റെ അടയാളങ്ങളുമാണ്. ആരാധനാലയങ്ങൾ മാത്രമല്ല, നമ്മുടെ ആതുരാലയങ്ങളും വൃദ്ധമന്ദിരങ്ങളുമൊക്കെ ക്രൈസ്തവസാക്ഷ്യത്തിന്റെ അടയാളങ്ങളായി സങ്കല്പിക്കപ്പെട്ടിരിക്കുന്നവയാണ്. ഭൗതികമായ വളർച്ചകൾക്കു സമാന്തരമായിത്തന്നെ ആത്മീയമായ ഒരു കണക്കെടുപ്പും എപ്പോഴും ആവശ്യമാണ്. ഒരുപക്ഷേ, 75 വർഷവും ഒരു ജൂബിലിയായിത്തന്നെ നമുക്കു പരിഗണിക്കാവുന്നതേയുള്ളൂ. ജൂബിലിസന്ദർഭങ്ങൾ ഒരു സ്വയം പരിശോധനയ്ക്കുള്ള സമയവുമാണ്. നമ്മുടെ സമർപ്പണങ്ങളുടെ കാതൽ ഒരു പുനർവായനയ്ക്കു വിധേയമാക്കേണ്ട സമയവും കാലവും.

1950 വരെ നമ്മുടെ മാതൃരൂപതയായിരുന്ന ചങ്ങനാശേരിയിൽനിന്നും അന്നത്തെ ബിഷപ് മാർ കാളാശേരിയിൽനിന്നും നമുക്കു ലഭിച്ച ധീരമായ നേതൃത്വത്തിന്റെ അനുഗ്രഹം ചരിത്രത്തിന്റെതന്നെ ഭാഗമാണല്ലോ. തനിക്കിഷ്ടപ്പെടാതെ വന്ന ഇടയലേഖനം പിൻവലിക്കണമെന്നു മെത്രാനോടു കല്പിച്ച സർ സി. പി. യോട് 'ഞാൻ എഴുതിയത് എഴുതി' എന്നു മറ്റൊരു ഇടയലേഖനത്തിലൂടെ ധൈര്യമായി മറുപടി കൊടുത്ത മാർ ജെയിംസ് കാളാശേരി ഏതു പ്രതിസന്ധികാലത്തും നമുക്ക് ആത്മധൈര്യം പകരുന്ന പ്രചോദനമാണ്.

നാമെല്ലാം വലിയപിതാവെന്നു മാത്രം പറയുന്ന നമ്മുടെ പ്രഥമ ബിഷപ് മാർ സെബാസ്റ്റ്യൻ വയലിൽ സമാനതകളില്ലാത്ത ആത്മീയാചാര്യനായിരുന്നു. എല്ലാ അർഥത്തിലും ഭാഗ്യസ്മരണാർഹൻ. തന്റെ ശുശ്രൂഷാകാലത്ത് എത്ര പള്ളികൾ, എത്ര കോളജുകൾ, എത്ര സ്കൂളുകൾ, സാങ്കേതിക സ്ഥാപനങ്ങൾ, ദീപനാളം പോലുള്ള പ്രസിദ്ധീകരണങ്ങൾ, സെന്റ് തോമസ് പ്രസ്... പിതാവു സ്ഥാപിച്ച സംരംഭങ്ങളുടെ കണക്കെടുത്താൽ ആരും അദ്ഭുതപ്പെട്ടുപോകും. ചെറിയ മനുഷ്യനായ തന്നെക്കൊണ്ട് വലിയ കാര്യങ്ങളാണ് ദൈവം ചെയ്യിച്ചതെന്ന് അവസാനഇടയലേഖനത്തിൽ നിരുദ്ധകണ്ഠനായ വയലിൽപ്പിതാവ്, തൊട്ടതെല്ലാം പൊന്നാക്കി എന്നതായിരുന്നു നമ്മുടെ അനുഭവം.

അനുയോജ്യനായ പിൻഗാമിയെ ഏല്പിച്ചാണ് പിതാവ് പടിയിറങ്ങിയത്. 9 വർഷം സഹായമെത്രാനും 21 വർഷം ബിഷപ്പുമായി പാലാ രൂപതയുടെ വളർച്ചയുടെ വ്യാസവും വ്യാപ്തിയും വർധിപ്പിച്ച മാർ പള്ളിക്കാപറമ്പിൽ പിതാവ് 99 ന്റെ നിറവിലും നമുക്കിടയിൽ ഇന്നും പ്രസന്നമധുരമായ സാന്നിധ്യമാണ്. ആരെയും നിരായുധരാക്കുന്ന ചിരികൊണ്ട് തന്റെ കാലത്തെ സ്വന്തം ചൊല്പടിയിൽ നിർത്തിയ കേരളത്തിലെ വൈദികമേലധ്യക്ഷനാരെന്ന ചോദ്യത്തിനു പിതാവിനെ ഒരിക്കലെങ്കിലും കണ്ടിട്ടുള്ളവർക്ക് ഒരേയൊരു ഉത്തരമേ ഉണ്ടാകൂ. - മാർ ജോസഫ് പള്ളിക്കാപറമ്പിൽ.

നാടറിയുന്ന പേരാണ് മാർ ജോസഫ് കല്ലറങ്ങാട്ട്. അറിവിന്റെയും പാണ്ഡിത്യത്തിന്റെയും മറുപേര്. ഇതിനകം എത്ര പുസ്തകങ്ങളെഴുതിയെന്നുള്ളതിനോ എത്ര പ്രസംഗങ്ങൾ പറഞ്ഞുവെന്നതിനോ പിതാവിനുപോലും കണക്കു കാണുകയില്ല. പ്രൈമറിസ്കൂളിലാകട്ടെ, സർവകലാശാലകളിലാകട്ടെ, തയ്യാറെടുക്കാതെ പ്രസംഗമില്ല. ആശയങ്ങളുടെ ആഴത്തിന് അകമ്പടി നില്ക്കുന്നത് പ്രസംഗങ്ങളുടെ ശ്രുതി-ലയഭംഗിയാണ്. വായനയ്ക്കും എഴുത്തിനും മടുപ്പില്ല. ആളുകളെ ഒറ്റനോട്ടത്തിൽ അളന്നുതൂക്കാനുള്ള അപാരമായ ഒരു സിദ്ധിയും കല്ലറങ്ങാട്ടുപിതാവിനു സ്വന്തം. കുർബാന ചൊല്ലുന്നതിൽ - മലയാളമാകട്ടെ, സുറിയാനിയാകട്ടെ - ആത്മീയതയുടെ പ്രൗഢമായ ഒരു ചൈതന്യമുണ്ട്. പിതാവിന് വ്യക്തിതാത്പര്യങ്ങളൊന്നുമില്ല. സഭയിൽത്തന്നെ മേല്പട്ടപദവികളിലേക്കു പേരു വന്നപ്പോഴും അതിനോടു മുഖംതിരിഞ്ഞുനില്ക്കാൻ പിതാവിന് ഒട്ടും സമയം വേണ്ടിവന്നില്ലത്രേ. പ്രസംഗങ്ങളിൽ നർമത്തേക്കാൾ ഗൗരവമാണെങ്കിലും പിതാവിന് നർമം നന്നായി ആസ്വദിക്കാനറിയാം. ഇന്നു കേരളത്തിലെ ഏറ്റവും അറിയപ്പെടുന്ന പ്രഭാഷകരുടെ മുൻനിരയിലാണ് എപ്പോഴും മാർ കല്ലറങ്ങാട്ടിന്റെ കസേര. പിതാവും പാലാ രൂപതയും തമ്മിലുള്ളത് ആത്മീയബന്ധം മാത്രമല്ല, ആഴമായ ആത്മബന്ധംകൂടിയാണ്.

സഹായമെത്രാനായി വന്ന് സർവതും ഉപേക്ഷിച്ച് സന്ന്യാസത്തിലേക്കു തിരിഞ്ഞ മാർ ജേക്കബ് മുരിക്കൻപിതാവും പാലാ രൂപതയുടെ ചരിത്രത്തിലും വിശ്വാസികളുടെ മനസ്സിലും സ്ഥാനമുറപ്പിച്ച ഇടയനായിരുന്നു. ഭക്ഷണത്തിലും വസ്ത്രത്തിലും ജീവിതത്തിലും ലാളിത്യം മുഖമുദ്രയാക്കിയ ആത്മീയാചാര്യനായിരുന്നു മുരിക്കൻപിതാവ്. പാലായിലെ പ്രതാപങ്ങളൊക്കെ ഉപേക്ഷിച്ച് പീരുമേട്ടിലെ നല്ലതണ്ണിയിൽ ഒറ്റമുറി ആശ്രമത്തിൽ പ്രാർഥനയിലും ഉപവാസത്തിലും ആത്മീയസായുജ്യം തേടിയ മുരിക്കൻപിതാവും പാലാ രൂപതയുടെ ചരിത്രവഴിയിലെ തിളക്കമാർന്ന ഒരു ആത്മീയനക്ഷത്രം തന്നെ.

തിരിഞ്ഞുനോക്കുമ്പോൾ പാലാ രൂപതയിലെ വിശ്വാസികൾക്കു ദൈവത്തോടു പരാതി പറയാൻ ഒരു കാരണവുമില്ല. സ്വർഗത്തിലിരിക്കുന്ന വയലിൽപ്പിതാവിനെ മനസ്സിൽ കണ്ടും ഇന്നും നമുക്കൊപ്പമുള്ള പിതാക്കന്മാരെ പ്രാർഥനയിൽ ഓർമിച്ചും നമുക്കായി അവരെ നിയോഗിച്ച ദൈവം തമ്പുരാനു നിറമനസ്സോടെ നന്ദി പറഞ്ഞും നമുക്കും പറയാം: ദൈവത്തിനു സ്തുതി.

■


പാലാ രൂപത പ്ലാറ്റിനം ജൂബിലിക്ക് പ്രാർത്ഥനാനിർഭരമായ ആശംസകൾ
Very Rev. Fr. Vicar, Asst. Vicar & Parishioners
ST. MARY'S FORANE CHURCH
TEEKOY


പാലാ രൂപത പ്ലാറ്റിനം ജൂബിലിക്ക് പ്രാർത്ഥനാനിർഭരമായ ആശംസകൾ
Very Rev. Fr. Vicar, Asst. Vicar & Parishioners
ST. MARY'S FORANE CHURCH
POONJAR


പാലാ രൂപത പ്ലാറ്റിനം ജൂബിലിക്ക് പ്രാർത്ഥനാനിർഭരമായ ആശംസകൾ
Very Rev. Fr. Vicar, Asst. Vicar & Parishioners
ST. GEORGE FORANE CHURCH
KOOTTICKAL


Deepanalam Weekly

RNI No : 16998/68
Vol. 58 No. 20 Date of Publication 17 July 2025
Annual Subscription Rate ₹ 400 (For Abroad ₹ 4500)

Registered No. KL/KTM/12/2024-2026
License No. KL/CR/KTM/WPP-16/2024-2026
Licensed to post without pre-payment




Printed & Published by Fr. Joseph Thadathil on behalf of Deepanalam Society Palai, Reg. No. 69/77 and printed at Deepanalam printings Palai P.O., Pin-686575 and Published at Palai, Kottayam Dist. Kerala, Pin -686575 • Editor - Fr. Kurian Thadathil * Responsible for selection of news under PRB Act.
• Ph: 04822-212842 • 7306874714 • Fax: 04822-212842 • Email: editordeepanalam@gmail.com • deepanalam@rediffmail.com • website: www.deepanalam.org